# ലാ ഇലാഹ ഇല്ലല്ലാഹ്

അബ്ദുൽ മുഹ്സിൻ ഐദീദ്

alaswala.com

# ശഹാദതിന്റെ ശ്രേഷ്ഠത

ഇസ്ലാമിന്റെ അടിസ്ഥാനശിലയാണ് 'ലാ ഇലാഹ ഇല്ല ല്ലാഹ്, മുഹമ്മദുൻ റസൂലുല്ലാഹ്' എന്ന സാക്ഷ്യവചനം ഉച്ച രിക്കൽ. ഒരാൾ ഇസ്ലാമിൽ പ്രവേശിക്കുന്നത് മഹത്തരമാ യ ഈ വാക്ക് പറഞ്ഞു കൊണ്ടാണ്. അനേകം ശ്രേഷ്ഠത കളും മഹത്വങ്ങളും 'കലിമതുശ്ശഹാദ' എന്ന് അറിയപ്പെടുന്ന ഈ വാക്കുകൾക്കുണ്ട്.

'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന കലിമതുശ്ശഹാദയുടെ ആ ദ്യ ഭാഗം എല്ലാ നബിമാരുടെയും ദീനിന്റെ –ഇസ്ലാമിന്റെ– മുഖ്യപ്രബോധന വിഷയമായിരുന്നു.

وَمَا أَرْسَلْنَا مِن قَبْلِكَ مِن رَّسُولٍ إِلَّا نُوحِي إِلَيْهِ أَنَّهُ لَا إِلَٰهَ إِلَّا أَنَا فَاعْبُدُونِ

"ഞാനല്ലാതെ യാതൊരു ആരാധ്യനുമില്ല (ലാ ഇലാഹ ഇ ല്ലല്ലാഹ്); അതിനാൽ എന്നെ നിങ്ങൾ ആരാധിക്കു എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു റസൂ ലിനെയും നാം അയച്ചിട്ടില്ല." (അമ്പിയാഅ്: 25)

വാക്ക് ആഴത്തിൽ പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യേ ണ്ട –അനേകം അടിസ്ഥാനങ്ങളും മൂല്യങ്ങളും ഉൾക്കൊള്ളു ന്ന– ഇസ്ലാമിലെ തലവാചകമാണ് ഇത്. അല്ലാഹു പറയുന്നു:

فَاعْلَمْ أَنَّهُ لَا إِلَٰهَ إِلَّا اللَّهُ

"അതിനാൽ നീ 'ലാ ഇലാഹ ഇല്ലല്ലാഹ്' (അല്ലാഹു അ ല്ലാതെ ആരാധനക്ക് അർഹനായി മറ്റാരും ഇല്ല) എന്നത് അറിയുക." (മുഹമ്മദ്: 19)

മക്കയിൽ തന്റെ പ്രബോധനം നബി -ﷺ- ആരംഭിച്ചത് ഈ വാക്യത്തിലേക്ക് ജനങ്ങളെ ക്ഷണിച്ചു കൊണ്ടായിരുന്നു. ഉയരമുള്ള ചന്തകളിൽ കയറി നിന്നു കൊണ്ട് അവിടുന്ന് വിളിച്ചു പറഞ്ഞു കൊണ്ടിരുന്നു:

«يَا أَيُّهَا النَّاسُ! قُولُوا لَا إِلَهَ إِلَّا اللَّهُ تُفْلِحُوا»

"അല്ലയോ ജനങ്ങളേ! നിങ്ങൾ 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് പറയുക; നിങ്ങൾ വിജയിക്കും!" (ഇബ്നു ഖുസൈമ: 159)

ജീവിതം അവസാനിക്കുമ്പോഴും അവിടുത്തെ നാവുകളിൽ നിറഞ്ഞു നിന്നത് ഇതേ വാക്ക് തന്നെയായിരുന്നു. അവിടുന്ന് പറഞ്ഞു കൊണ്ടിരുന്നു:

«لَا إِلَهَ إِلَّا اللَّهُ! إِنَّ لِلْمَوْتِ سَكَرَاتٍ»

"ലാ ഇലാഹ ഇല്ലല്ലാഹ്! തീർച്ചയായും മരണത്തിന് വല്ലാത്ത വേദനയുണ്ട്." (ബുഖാരി: 4449)

ഈ മഹത്തരമായ വചനം ഉച്ചരിച്ചു കൊണ്ട് മരണം വരിച്ചവർക്ക് സ്വർഗമുണ്ടെന്ന് അവിടുന്ന് അറിയിച്ചിട്ടുണ്ടല്ലോ?

«مَنْ كَانَ آخِرُ كَلاَمِهِ لاَ إِلَهَ إِلاَّ اللَّهُ دَخَلَ الْجَنَّةَ»

"ആരുടെയെങ്കിലും അവസാന വാക്ക് 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നായാൽ അവൻ സ്വർഗത്തിൽ പ്രവേശിച്ചു." (അബൂദാവൂദ്: 3118)

ഇസ്ലാമിന്റെയും ഈമാനിന്റെയും അടിത്തറയാണ് ഈ വാചകം എന്നതിൽ സംശയമില്ല. അവന്റെ എല്ലാ നന്മകളുടെയും അടിസ്ഥാനം ഈ വാക്കുകൾ തന്നെയാണെന്നതിൽ സംശയമേതുമില്ല.

«الْإِيمَانُ بِضْعٌ وَسَبْعُونَ شُعْبَةً، فَأَفْضَلُهَا قَوْلُ لَا إِلَهَ إِلَّا اللَّهُ، وَأَدْنَاهَا إِمَاطَةُ الْأَذَى عَنِ الطَّرِيقِ»

“ഈമാൻ എഴുപതിൽ പരം ശാഖകളാണ്. അതിൽ ഏറ്റവും ശ്രേഷ്ഠം ‘ലാ ഇലാഹ ഇല്ലല്ലാഹ്’ എന്ന വാക്കാണ്. അതിൽ ഏറ്റവും താഴെയുള്ളത് വഴിയിൽ നിന്ന് തടസ്സം നീക്കലും.” (മുസ്ലിം: 58)

‘ലാ ഇലാഹ ഇല്ലല്ലാഹ്’ എന്ന അടിത്തറയുടെ ശക്തിയും ബലവും ദൃഢതയും അനുസരിച്ചായിരിക്കും ഒരു മുസ്ലിമിന്റെ ജീവിതത്തിലെ നന്മകൾ അധികരിപ്പിക്കുകയും അതിന്റെ വ്യാപ്തി വിശാലമാക്കുകയും ചെയ്യുന്നത്.

വൃക്ഷത്തിന്റെ ആഴ്ന്നിറങ്ങിയ വേരുകൾ അതിന്റെ ശാഖകൾക്കും ഇലകൾക്കും ഫലങ്ങൾക്കും കരുത്തു നൽകുന്നത് പോലെ, ലാ ഇലാഹ ഇല്ലല്ലാഹ് മുസ്ലിമിന്റെ ജീവിതത്തിനും അവന്റെ നന്മകൾക്കും പോഷകം നൽകുന്നു. അല്ലാഹു പറഞ്ഞതു പോലെ:

أَلَمْ تَرَ كَيْفَ ضَرَبَ اللَّهُ مَثَلًا كَلِمَةً طَيِّبَةً كَشَجَرَةٍ طَيِّبَةٍ أَصْلُهَا ثَابِتٌ وَفَرْعُهَا فِي السَّمَاءِ ﴿٢٤﴾

“അല്ലാഹു നല്ല വചനത്തിന് എങ്ങനെയാണ് ഉപമ നൽകിയിരിക്കുന്നത് എന്ന് നീ കണ്ടില്ലേ? (അത്) ഒരു നല്ല മരം പോലെയാകുന്നു. അതിന്റെ വേര് ഉറച്ചു നിൽക്കുന്നതും അതിന്റെ ശാഖകൾ ആകാശത്തേക്ക് ഉയർന്ന് നിൽക്കുന്നതുമാകുന്നു.” (ഇബ്റാഹീം: 24)

ഈ ആയത്തിൽ പരാമർശിക്കപ്പെട്ട ‘നല്ല വചനം’ എന്നതു കൊണ്ടുള്ള ഉദ്ദേശം ‘ലാ ഇലാഹ ഇല്ലല്ലാഹ്’’ ആണെന്ന് ഇബ്നു അബ്ബാസ് -رَضِيَ اللَّهُ عَنْهُمَا- പറഞ്ഞിട്ടുണ്ട്.

ഇതു കൊണ്ടെല്ലാം തന്നെ ഓരോ മുസ്ലിമിന്റെയും നിത്യജീവിതത്തിൽ അനേകം സന്ദർഭങ്ങളിൽ ‘ലാ ഇലാഹ ഇല്ലല്ലാഹ്’’ എന്ന വാക്ക് ദിക്റുകളായും ദുആകളായും ആവർത്തിച്ചു വരുന്നത് കാണാം. നിസ്കാരത്തിന് വേണ്ടി വുദ്വു എടുക്കുമ്പോഴും, നിസ്കാരത്തിലും, നിസ്കാര ശേഷവും, അനേകം സന്ദർഭങ്ങളിലെ പ്രാർത്ഥനകളിലും ഈ വാക്ക് ആവർത്തിക്കാൻ നബി -ﷺ- നമ്മെ പഠിപ്പിച്ചതായി കാണാം.

നന്മയുടെ അടിത്തറയായ ഈ വാക്കുകൾക്ക് ഇസ്ലാമിലുള്ള മഹത്തരമായ സ്ഥാനം നബി -ﷺ- യുടെ ധാരാളം വാക്കുകളിൽ നിന്ന് മനസ്സിലാക്കാൻ കഴിയും. അവിടുന്ന് പറഞ്ഞു:

«يَخْرُجُ مِنَ النَّارِ مَنْ قَالَ لاَ إِلَهَ إِلَّا اللَّهُ، وَفِي قَلْبِهِ وَزْنُ شَعِيرَةٍ مِنْ خَيْرٍ، وَيَخْرُجُ مِنَ النَّارِ مَنْ قَالَ لاَ إِلَهَ إِلَّا اللَّهُ، وَفِي قَلْبِهِ وَزْنُ بُرَّةٍ مِنْ خَيْرٍ، وَيَخْرُجُ مِنَ النَّارِ مَنْ قَالَ لاَ إِلَهَ إِلَّا اللَّهُ، وَفِي قَلْبِهِ وَزْنُ ذَرَّةٍ مِنْ خَيْرٍ»

"‘ലാ ഇലാഹ ഇല്ലല്ലാഹ്’ എന്നു പറയുകയും ഒരു ഗോതമ്പു മണിയോളം നന്മ അവന്റെ ഹൃദയത്തിൽ ഉണ്ടാവുകയും ചെയ്താൽ അവൻ നരകത്തിൽ നിന്ന് പുറത്തു കടക്കും. ‘ലാ ഇലാഹ ഇല്ലല്ലാഹ്’ എന്നു പറയുകയും ഒരു ചോളമണിയോളം നന്മ അവന്റെ ഹൃദയത്തിൽ ഉണ്ടാവുകയും ചെയ്താൽ അവൻ നരകത്തിൽ നിന്ന് പുറത്തു കടക്കും. ‘ലാ ഇലാഹ ഇല്ലല്ലാഹ്’ എന്നു പറയുകയും ഒരു ചോളമണിയോളം നന്മ അവന്റെ ഹൃദയത്തിൽ ഉണ്ടാവുകയും ചെയ്താൽ അവൻ നരകത്തിൽ നിന്ന് പുറത്തു കടക്കും." (മുസ്ലിം: 325)

പ്രവർത്തിച്ച തിന്മകൾ കാരണത്താൽ നരകത്തിൽ പ്രവേശിക്കേണ്ടി വന്ന ഏതൊരാളും ‘ലാ ഇലാഹ ഇല്ലല്ലാഹ്’ എന്ന വാക്ക് ജീവിതത്തിൽ പാലിച്ചിട്ടുണ്ടെങ്കിൽ അവന് നരകം ശാശ്വതമാകില്ലെന്ന ഓർമ്മപ്പെടുത്തൽ ഈ ഹദീസിലുണ്ട്. എന്നാൽ അതിൽ പിഴവ് വരുത്തിയവർക്ക് നരകമോചനം സാധ്യമാകില്ലെന്നും, അവർക്ക് സ്വർഗം നിഷിദ്ധമായി തീരുമെന്നും കൂടി ഈ ഹദീസിന്റെ ആശയമായി ചിന്തിച്ചാൽ മനസ്സിലാക്കാൻ കഴിയും.

# പഠിക്കാം! നമ്മുടെ ശഹാദത്...

'ലാ ഇലാഹ ഇല്ലല്ലാഹ്'' എന്ന വാക്ക് ഇസ്ലാമിലെ പരമ പ്രധാനമായ അടിസ്ഥാനമാണ്. ഒരാൾ ഇസ്ലാമിലേക്ക് പ്രവേശിക്കുന്നത് തന്നെ ഈ അടിസ്ഥാനം അറിഞ്ഞും അംഗീകരിച്ചും പ്രഖ്യാപിച്ചുമാണ്. അതിനാൽ ഈ വാക്യത്തെ കുറിച്ച് മനസ്സിലാക്കുക എന്നത് ഓരോ മുസ്ലിമിന്റെയും മേൽ നിർബന്ധ ബാധ്യതയാണ്.

فَاعْلَمْ أَنَّهُ لَا إِلَٰهَ إِلَّا اللَّهُ

"അതിനാൽ നീ 'ലാ ഇലാഹ ഇല്ലല്ലാഹ്'' (അല്ലാഹു അല്ലാതെ ആരാധനക്ക് അർഹനായി മറ്റാരും ഇല്ല) എന്നത് അറിയുക." (മുഹമ്മദ്: 19)

മേലെ നൽകിയ സൂറ. മുഹമ്മദിലെ ആയത്ത് അവതരിക്കുന്നത് മദീനയിൽ വെച്ചാണ്. പതിമൂന്ന് വർഷം മക്കയിൽ 'ലാ ഇലാഹ ഇല്ലല്ലാഹ്'' എന്നതിലേക്ക് ക്ഷണിച്ചതിന്റെ പേരിൽ അനേകം പീഢനങ്ങളും ബഹിഷ്കരണങ്ങളും നേരിടുകയും, നാട്ടിൽ നിന്ന് പുറത്താക്കപ്പെടുകയും അങ്ങനെ മദീനയിൽ അഭയം നേടുകയും ചെയ്തതിന് ശേഷമാണ് ഈ ആയത്ത് ഇറങ്ങുന്നതെന്ന് സാരം!

'ലാ ഇലാഹ ഇല്ലല്ലാഹ്'' എന്ന വാക്കിലേക്ക് ക്ഷണിക്കാൻ മുന്നിൽ നിന്ന് നേതൃത്വം നൽകിയ നബി-ﷺ-യോടും സ്വഹാബികളോടും അല്ലാഹു -تَعَالَى- ഇപ്രകാരം പറഞ്ഞിട്ടുണ്ടെ

ങ്കിൽ നമ്മോട് നാം എന്തായിരിക്കണം പറയേണ്ടത്?! ഈ വാക്ക് കൂടുതലായി പഠിക്കാനും മനസ്സിലാക്കാനും അതിൽ അക്ഷീണമായ പരിശ്രമത്തിലേർപ്പെടാനും എന്തു മാത്രം താൽപര്യം നമുക്കുണ്ടായിരിക്കണം?!

എന്നാൽ സഹോദരങ്ങളേ! ഈ വാക്യവുമായുള്ള നമ്മുടെ പലരുടെയും ബന്ധം എന്തു മാത്രം അശക്തവും ദുർബലവുമാണ്! എത്രയധികം പേർ 'ലാ ഇലാഹ ഇല്ലല്ലാഹ്'' എന്ന സാക്ഷ്യവചനത്തിന്റെ കേവലാർത്ഥം പോലും അറിയാതെ 'മുസ്ലിം പേരിൽ' ജീവിക്കുന്നവരായുണ്ടെന്നറിയുമോ?

ഈ മഹത്തരമായ വാക്യത്തിന്റെ ഉദ്ദേശവും, അത് നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ ഉണ്ടാക്കേണ്ട സമഗ്രമായ മാറ്റവും എന്താണെന്നതിനെ കുറിച്ച് ഒരിക്കൽ പോലും ചിന്തിച്ചിട്ടില്ലാത്തവർ അതിനെക്കാൾ ധാരാളമത്രെ! സ്വർഗപ്രവേശനത്തിന് അർഹനാകാൻ ആദ്യം വേണ്ട നിബന്ധനയാണ് ഈ വാചകമെന്നിരിക്കെ; അതിനെ കുറിച്ച് അറിയുകയോ പഠിക്കുകയോ ചെയ്യാത്തവന് എങ്ങനെ സ്വർഗം ആഗ്രഹിക്കാനും ആത്മാർഥമായി അതിൽ പ്രതീക്ഷ വെക്കാനും കഴിയും?!

'ലാ ഇലാഹ ഇല്ലല്ലാഹ്'' എന്ന വാക്യം വളരെ വിശാലമായ ആശയം ഉൾക്കൊള്ളുന്നു എന്നതിനാൽ ഈ വാക്യത്തെ കുറിച്ച് പഠിക്കുകയെന്നത് സമുദ്രസമാനമായ ഒരു വിഷയ

ത്തിലേക്ക് പ്രവേശിക്കലാണ്. ഈ വിഷയങ്ങളിൽ ചിലതിനെ കുറിച്ചെങ്കിലും വളരെ ചുരുങ്ങിയ വാക്കുകളിൽ ഒന്നോർമ്മപ്പെടുത്തുന്നത് നമ്മൾ പഠിക്കാനുദ്ദേശിക്കുന്ന ഈ വിഷയത്തിലേക്ക് ഒരു ചെറിയ ഉൾക്കാഴ്ച നൽകാൻ ഉപകരിക്കും.

**1. 'ലാ ഇലാഹ ഇല്ലല്ലാഹ്'' എന്നതിന്റെ ഉച്ചാരണം:**

എങ്ങനെയാണ് ഈ വാക്ക് ശരിയായി ഉച്ചരിക്കേണ്ടതെന്ന് പഠിക്കൽ നിർബന്ധമാണ്. കാരണം ഇസ്ലാമിലേക്കുള്ള പ്രവേശനം തന്നെ ഈ വാക്കിലൂടെയാണ്. അത് ശരിയാം വണ്ണം ഉച്ചരിക്കാൻ ഓരോ മുസ്ലിമും ശ്രദ്ധിക്കേണ്ടതുണ്ട്.

**2. 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നതിന്റെ അർഥം:**

ഈ മഹത്തരമായ വാക്യത്തിന്റെ അർഥം മനസ്സിലാക്കുക എന്നത് ഈ വിഷയത്തെ കുറിച്ച് പഠിക്കുന്നതിന്റെ ആദ്യത്തെ പടിയാണ്.

**3. 'ശഹാദതി'ന്റെ അർഥം:**

'അശ്ഹദു' (ഞാൻ സാക്ഷ്യം വഹിക്കുന്നു) എന്ന് തുടക്കത്തിൽ പറഞ്ഞു കൊണ്ടാണല്ലോ 'ലാ ഇലാഹ ഇല്ലല്ലാഹ്'' എന്നു പറയുന്നത്? അപ്പോൾ എന്താണ് 'ശഹാദത്'' എന്നും അറിയണം.

**4. അല്ലാഹുവിനെ കുറിച്ച്...**

ആരാധനകൾ സർവ്വവും അല്ലാഹുവിന് മാത്രം അവകാശ

പ്പെട്ടതാണെന്ന പ്രഖ്യാപനമാണ് സാക്ഷ്യവചനം. അപ്പോൾ അല്ലാഹുവിനെ കുറിച്ച് നന്നായി അറിയുകയും പഠിക്കുകയും വേണം.

**5. അല്ലാഹുവിന് പുറമെയുള്ള ആരാധ്യവസ്തുക്കളുടെ ദൗർബല്യത്തെ കുറിച്ച്...**

അല്ലാഹുവിനു പുറമെയുള്ള ആരാധ്യവസ്തുക്കളെ നിഷേധിക്കുകയും തള്ളിപ്പറയുകയും ചെയ്യുന്നുണ്ട് സാക്ഷ്യവചനം പ്രഖ്യാപിക്കുന്നവൻ. എന്തു കൊണ്ട് അവ ആരാധനക്ക് അർഹരല്ല എന്നത് പഠിക്കലും ഈ വാക്യം മനസ്സിലാക്കുന്നതിന്റെ ഭാഗമാണ്.

**6. 'ലാ ഇലാഹ ഇല്ലല്ലാഹ്' ഉച്ചരിച്ചവർക്കുള്ള പ്രതിഫലം:**

ഈ വാക്കിനു ഇസ്ലാമിൽ അനേകം ശ്രേഷ്ഠതകളും വലിയ പ്രാധാന്യവുമുണ്ട്. അവ മനസ്സിലാക്കുന്നത് ഈ വാക്യം ഉച്ചരിക്കുന്നതിലും പ്രാവർത്തികമാക്കുന്നതിലും നമ്മെ കൂടുതൽ ശ്രദ്ധാലുക്കളാക്കും. നമ്മുടെ നിയ്യതിനെ (ഉദ്ദേശം) കൂടുതൽ ശുദ്ധീകരിക്കാനും അത് സഹായിക്കും.

**7. 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നതിന്റെ സ്തംഭങ്ങൾ:**

ഈ വാക്യം രണ്ട് അടിസ്ഥാന സ്തംഭങ്ങളിലാണ് നിലകൊള്ളുന്നത്. അതിൽ ഒന്ന് നഷ്ടപ്പെട്ടാൽ ഈ വാക്യത്തിന്റെ പൂർണ്ണത നഷ്ടപ്പെടും.

## 8. 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നതിന്റെ നിബന്ധനകൾ:

ഈ വാക്യം പ്രഖ്യാപിക്കുന്നതോടെ ജീവിതത്തിൽ അനിവാര്യമായും ഉണ്ടായിരിക്കേണ്ട ഗുണങ്ങളും, അത് അല്ലാഹുവിങ്കൽ സ്വീകാര്യമാകാൻ ആവശ്യമായ നിബന്ധനകളും പഠിക്കണം.

## 9. 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നതിനെ തകർക്കുന്ന കാര്യങ്ങൾ:

ഇസ്ലാമിൽ പ്രവേശിക്കാനുള്ള ഒരേയൊരു മാർഗമാണ് സാക്ഷ്യവചനം പ്രഖ്യാപിക്കൽ. ഇസ്ലാമിൽ പ്രവേശിച്ചതിന് ശേഷം ഓരോ മുസ്ലിമും അതിനെ സുരക്ഷിതമായി നിലനിർത്തേണ്ടതുണ്ട്. 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നതിനെ ഇല്ലാതാക്കുന്ന കാര്യങ്ങൾ പഠിക്കുന്നത് ഇതിനു വേണ്ടിയാണ്.

## 10. 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നതിനുള്ള തെളിവുകൾ:

ഈ വാക്യം ശരിയാണെന്ന് സുവ്യക്തമായി ബോധ്യപ്പെടുത്തുന്ന അനേകം തെളിവുകൾ അല്ലാഹു അവതരിപ്പിച്ചിട്ടുണ്ട്. അവ ചക്രവാളങ്ങളിലും മനുഷ്യരുടെ സ്വശരീരങ്ങളിലും പ്രപഞ്ചത്തിന്റെ ഓരോ മുക്കിലും മൂലയിലുമുണ്ട്. അല്ലാഹു അയച്ച നബിമാരുടെ വാക്കുകളിലും, അവൻ അവതരിപ്പിച്ച വേദഗ്രന്ഥങ്ങളും ഈ തെളിവുകൾ കാണാൻ കഴിയും. ഇവ പഠിക്കുന്നത് സാക്ഷ്യവചനത്തെ കുറിച്ച് കൂടുതൽ ദൃഢതയും വ്യക്തതയും ഉറപ്പും നൽകും.

മേൽ പറഞ്ഞത് 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന വാക്കിനെ കുറിച്ച് പഠിക്കേണ്ട പ്രധാനപ്പെട്ട ചില മേഖലകൾ മാത്രമാണ്. ചിന്തിച്ചാൽ ദീൻ മുഴുവൻ ഈ സാക്ഷ്യവചനത്തിന്റെ പൂർത്തീകരണമാണ്. അതിനാൽ ദീനിന്റെ ഏതു വശങ്ങൾ പഠിക്കുന്നതും ഒരു നിലക്ക് ശഹാദതിനെ കുറിച്ചുള്ള പഠനം തന്നെയാണ്.

ഈ പഠനത്തിനും അറിവ് നേടുന്നതിനും നബി -ﷺ- വാഗ്ദാനം ചെയ്ത പ്രതിഫലം കൂടി ഓർമ്മപ്പെടുത്തി കൊണ്ട് അവസാനിപ്പിക്കാം. നബി -ﷺ- പറഞ്ഞു:

عَنْ عُثْمَانَ، قَالَ: قَالَ رَسُولُ اللَّهِ -ﷺ-: «**مَنْ مَاتَ وَهُوَ يَعْلَمُ أَنَّهُ لَا إِلَهَ إِلَّا اللهُ، دَخَلَ الْجَنَّةَ**»

"ആരെങ്കിലും 'ലാ ഇലാഹ ഇല്ലല്ലാഹ്' അറിയുന്നവനായിരിക്കെ മരണപ്പെട്ടാൽ അവൻ സ്വർഗത്തിൽ പ്രവേശിച്ചു." (മുസ്ലിം: 43)

അല്ലാഹു അവന്റെ ദീനിൽ കൂടുതൽ വിജ്ഞാനവും അവഗാഹവും നമുക്കേവർക്കും നൽകി അനുഗ്രഹിക്കട്ടെ.

# എന്താണ് ശഹാദത്?

ഒരു വ്യക്തിയുടെ ഇസ്ലാമിന്റെ തുടക്കം ശഹാദത് കലിമയിലാണ്. നബി -ﷺ- പറഞ്ഞു:

«بُنِيَ الإِسْلاَمُ عَلَى خَمْسٍ: شَهَادَةِ أَنْ لاَ إِلَهَ إِلَّا اللَّهُ وَأَنَّ مُحَمَّدًا رَسُولُ اللَّهِ...»

"ഇസ്ലാം പടുത്തുയർത്തപ്പെട്ടിരിക്കുന്നത് അഞ്ചു കാര്യങ്ങൾക്ക് മേലാണ്. (ഒന്ന്:) ലാ ഇലാഹ ഇല്ലല്ലാഹ്, മുഹമ്മദുൻ റസൂലുല്ലാഹ് എന്ന ശഹാദത്." (ബുഖാരി: 8, മുസ്ലിം: 16)

എന്നാൽ എന്താണ് ശഹാദ? 'അശ്ഹദു' -ഞാൻ സാക്ഷ്യം വഹിക്കുന്നു-; എന്നു പ്രഖ്യാപിക്കുന്നത് കൊണ്ട് അർത്ഥമാക്കുന്നത് എന്താണ്?

അറബി ഭാഷയിൽ 'ശഹിദ' (شَهِدَ) എന്ന വാക്കിനോടാണ് ഈ പദം ബന്ധപ്പെട്ടു കിടക്കുന്നത്. ഈ പദങ്ങൾ -ഭാഷയിൽ- മൂന്ന് അർത്ഥങ്ങൾ ഉൾക്കൊള്ളുന്നു. അവ:

1- ഒരു കാര്യത്തിന് സാക്ഷിയാകൽ.

2- അതിനെ കുറിച്ച് അറിയൽ.

3- അക്കാര്യം മറ്റുള്ളവരെ അറിയിക്കൽ.

ഈ മൂന്ന് കാര്യങ്ങളും 'അശ്ഹദു' എന്ന വാക്ക് ഉൾക്കൊള്ളുന്നു. 'ഞാൻ സാക്ഷ്യം വഹിക്കുന്നു' എന്നു പറയുമ്പോൾ അർത്ഥമാക്കുന്നത്:

**(1)** ഞാൻ എന്റെ മനസ്സ കൊണ്ട് സാക്ഷ്യം വഹിക്കുക യും; **(2)** അറിഞ്ഞു മനസ്സിലാക്കുകയും ചെയ്ത കാര്യം; **(3)** എന്റെ നാവ് കൊണ്ട് ഞാൻ പ്രഖ്യാപിക്കുകയും അറിയിക്കു കയും ചെയ്യുന്നു എന്നാണ്.

മേൽ പറഞ്ഞ മൂന്ന് കാര്യങ്ങളില്ലാതെ ഒരാളുടെയും ശഹാദത് ശഹാദതാവുകയില്ല. ഈ മൂന്ന് കാര്യങ്ങൾ ചുരുക്കി വിശദീകരിക്കാം.

**1: മനസ്സ് കൊണ്ട് ഈ സത്യം ബോധ്യപ്പെടണം.**

'അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല' എന്ന സാക്ഷ്യം വഹിക്കുമ്പോൾ അക്കാര്യം ഹൃദയം കൊണ്ട് കണ്ടറിഞ്ഞതു പോലെ അതിനെ കുറിച്ചുള്ള ഉറപ്പും ദൃഢതയും ഉണ്ടായിരിക്കണം. ശഹാദതിന്റെ തുടക്കം ഈ ദൃഢവിശ്വാസത്തിൽ നിന്നാണ്.

വേരുകൾ ആഴത്തിലൂന്നിയ വടവൃക്ഷം പോലെ അത് മനസ്സിന്റെ ആഴങ്ങളിൽ അള്ളിപ്പിടിച്ചിരിക്കണം.

أَلَمْ تَرَ كَيْفَ ضَرَبَ اللَّهُ مَثَلًا كَلِمَةً طَيِّبَةً كَشَجَرَةٍ طَيِّبَةٍ أَصْلُهَا ثَابِتٌ وَفَرْعُهَا فِي السَّمَاءِ ﴿٢٤﴾

"അല്ലാഹു നല്ല വചനത്തിന് എങ്ങനെയാണ് ഉപമ നൽകിയിരിക്കുന്നത് എന്ന് നീ കണ്ടില്ലേ? (അത്) ഒരു നല്ല

മരം പോലെയാകുന്നു. അതിന്റെ മുരട് ഉറച്ചുനിൽക്കുന്നതും അതിന്റെ ശാഖകൾ ആകാശത്തേക്ക് ഉയർന്ന് നിൽക്കുന്നതുമാകുന്നു." (ഇബ്രാഹീം: 26)

**2: സാക്ഷ്യം വഹിക്കുന്നതിനെ കുറിച്ച് അറിവുണ്ടായിരിക്കണം.**

അറിവില്ലാത്ത കാര്യം സാക്ഷ്യം വഹിക്കുക സാധ്യമല്ല. അതിനാൽ സാക്ഷ്യം പറയുന്ന കാര്യത്തെ കുറിച്ച് പഠിക്കുകയും അറിയുകയും വേണം. 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നാണ് സാക്ഷ്യം വഹിക്കുന്നതെങ്കിൽ; എന്താണ് അതിന്റെ ഉദ്ദേശം എന്ന് അറിഞ്ഞിരിക്കണം.

അല്ലാഹു -تَعَالَى- ശഹാദത് കലിമ പഠിക്കണം എന്ന് പ്രത്യേകം കൽപ്പിച്ചിട്ടുണ്ട്.

فَاعْلَمْ أَنَّهُ لَا إِلَهَ إِلَّا اللَّهُ

"നീ 'ലാ ഇലാഹ ഇല്ലല്ലാഹ്' പഠിക്കുക." (മുഹമ്മദ്: 19)

നബി -ﷺ- പറഞ്ഞു:

مَنْ مَاتَ وَهُوَ يَعْلَمُ أَنَّهُ لَا إِلَهَ إِلَّا اللَّهُ دَخَلَ الجَنَّةَ

"ആരെങ്കിലും 'ലാ ഇലാഹ ഇല്ലല്ലാഹ്' അറിഞ്ഞു കൊണ്ട് മരണപ്പെട്ടാൽ അവൻ സ്വർഗത്തിൽ പ്രവേശിച്ചു." (മുസ്ലിം: 26)

**3: സാക്ഷ്യ വചനം മറ്റുള്ളവരെ അറിയിക്കുകയും, ഉറക്കെ പ്ര**

**ഖ്യാപിക്കുകയും വേണം.**

'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന വാക്ക് അറിയുകയും പഠിക്കുകയും, അതിൽ ദൃഢമായി വിശ്വസിക്കുകയും ചെയ്ത ശേഷം അത് ജനങ്ങൾ കേൾക്കെ പ്രഖ്യാപിക്കുക കൂടി വേണം. എത്രയോ ഹദീസുകളിൽ നബി -ﷺ- ശഹാദത് കലിമ **പറയുന്നതിന്റെ** ശ്രേഷ്ഠത എടുത്തു പറഞ്ഞിട്ടുണ്ട്.

നാവു കൊണ്ടു മാത്രമല്ല ശഹാദതിന്റെ പ്രഖ്യാപനം. മറിച്ച് പ്രവർത്തനങ്ങളിലും വിശ്വാസത്തിലും അതുണ്ടായിരിക്കണം. അല്ലാഹു -تَعَالَى- പറഞ്ഞത് നോക്കൂ!

وَمَنْ أَحْسَنُ قَوْلًا مِّمَّن دَعَا إِلَى اللَّهِ وَعَمِلَ صَالِحًا وَقَالَ إِنَّنِي مِنَ الْمُسْلِمِينَ

"അല്ലാഹുവിങ്കലേക്ക് ക്ഷണിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും തീർച്ചയായും ഞാൻ മുസ്ലിംകളുടെ കൂട്ടത്തിലാകുന്നു എന്ന് പറയുകയും ചെയ്തവനെക്കാൾ വിശിഷ്ടമായ വാക്ക് പറയുന്ന മറ്റാരുണ്ട്?" (ഫുസ്സ്വിലത്: 33)

മേൽ പറഞ്ഞ മൂന്ന് കാര്യങ്ങൾ ഒരാൾ ശഹാദത് കലിമ പ്രഖ്യാപിക്കുമ്പോൾ അയാളിൽ ഉണ്ടായിരിക്കേണ്ട അടിസ്ഥാനങ്ങളാണ്. അവയെ കുറിച്ച് കൂടുതൽ ചിന്തിക്കുന്നത് നമ്മുടെ ഈമാനിനെ കുറിച്ചൊരു പുനർവിചിന്തനം നടത്താൻ വളരെ സഹായകമായിരിക്കും.

## ലാ ഇലാഹ ഇല്ലല്ലാഹ്; അർഥവും ആശയവും

അല്ലാഹ് എന്ന നമ്മുടെ റബ്ബിന്റെ നാമം ഒഴിച്ച് നിർത്തിയാൽ മൂന്ന് വാക്കുകളാണ് 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന സാക്ഷ്യവചനം ഉൾക്കൊള്ളുന്നത്. അവയുടെ ഓരോന്നിന്റെയും വാക്കർത്ഥം ആദ്യം മനസ്സിലാക്കേണ്ടതുണ്ട്.

1. ലാ (لَا) : ഇല്ല.

2. ഇലാഹ (إِلَٰهَ) : ആരാധ്യൻ/ആരാധിക്കപ്പെടുന്നവൻ.

3. ഇല്ലാ (إِلَّا) : ഒഴികെ.

ഈ വാക്കുകളിൽ ആരാധ്യൻ എന്നർത്ഥം വരുന്ന ഇലാഹ് എന്ന പദത്തെ കുറിച്ച് ചിലത് വിശദീകരിക്കൽ അനിവാര്യമാണ്. കാരണം ഈ വാക്കിനെ കുറിച്ചുള്ള അജ്ഞത മൊത്തം ശഹാദത് കലിമ മനസ്സിലാക്കുന്നതിൽ തന്നെ വലിയ അബദ്ധം സൃഷ്ടിക്കും.

ഇലാഹ് എന്ന പദത്തിന് 'സൃഷ്ടാവ്, നിയന്താവ്, ഉടമസ്ഥൻ, അധികാരി, രാജാവ്, അനുസരിക്കപ്പെടുന്നവൻ' എന്നൊക്കെ അർഥങ്ങൾ പറയുന്നവരുണ്ട്. ഇതെല്ലാം ഭാഷാപരമായും മതപരമായും യോജിക്കുന്ന അർത്ഥമല്ല.

കാരണം ഇലാഹ് എന്ന പദം അറബിയിലെ 'മഅ്ബൂദ്' (المَعْبُودُ) എന്ന പദത്തിന് സമാനമാണ് എന്ന് ധാരാളം ഖുർആൻ വ്യാഖ്യാതാക്കളും ഭാഷാപണ്ഡിതന്മാരും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇബ്നു ജരീർ (തഫ്സീറുത്വബരി: 1/123), റാഗിബ് അസ്വ്ഫഹാനി (മുഫ്റദാത്: 21), ഇബ്നു ഫാരിസ്

(മുജ്മലുല്ലുഗ: 1/101) എന്നിവർ അതിൽ ചിലർ മാത്രം.

'മഅബൂദ്'' എന്ന പദമാകട്ടെ; ഇബാദതുമായി ബന്ധപ്പെട്ടു കിടക്കുന്നതാണ്. ചുരുക്കത്തിൽ, ഇബാദത് ചെയ്യപ്പെടുന്ന വൻ (ആരാധിക്കപ്പെടുന്നവൻ) എന്നതാണ് ഇലാഹ് എന്ന പദത്തിന്റെ അർഥം.

ഈ അർഥം മാറ്റി പറയുക എന്നത് ശരിയല്ല. കാരണം അ ല്ലാഹു -تَعَالَى- അവന്റെ ഏകത്വം വിശദീകരിക്കാൻ സ്വീകരി ച്ച പദത്തെ അതിന്റെ അർത്ഥങ്ങളിൽ നിന്ന് മാറ്റുന്നത് വലിയ പിഴവുകളും തെറ്റുകളും സംഭവിക്കാൻ കാരണമാകും.

മേലെ നൽകിയ വാക്കുകൾ ചേർത്തു വെച്ചാൽ 'അല്ലാഹു ഒഴികെ ആരാധ്യൻ ഇല്ല' എന്നാണ് 'ലാ ഇലാഹ ഇല്ലല്ലാ ഹ്'' എന്നതിന്റെ **വാക്കർത്ഥമായി** പറയാൻ കഴിയുക എ ന്ന് മനസ്സിലാക്കാം. എന്നാൽ എന്താണ് 'ലാ ഇലാഹ ഇല്ല ല്ലാഹ്'' എന്നതിന്റെ ആശയം? ഈ വാചകം കൊണ്ട് ഉദ്ദേ ശിക്കുന്നത് എന്താണ്?

അല്ലാഹുവല്ലാതെ ആകാശഭൂമികളിൽ ഒരു വസ്തുവും ആരാ ധിക്കപ്പെട്ടിട്ടില്ല എന്നാണോ ഈ വാക്ക് കൊണ്ട് ഉദ്ദേശി ക്കുന്നത്? –വഴിപിഴച്ച ചില സ്വൂഫികൾ പറയുന്നത് പോ ലെ– അല്ലാഹുവിന് പുറമെ ഒരു വസ്തുവും ആരാധിക്കപ്പെടു കയില്ല എന്നാണോ ഈ വാക്ക് അറിയിക്കുന്നത്; എന്തി നെ ആരാധിച്ചാലും അതെല്ലാം അല്ലാഹുവിനുള്ള ആരാധന യാണ് എന്നാണോ ഈ പറഞ്ഞത്?

ഒരിക്കലുമല്ല. അല്ലാഹുവിന് പുറമെ ഭൂമിയിൽ പലതും ആരാധിക്കപ്പെട്ടിട്ടുണ്ട് എന്നും, അവയൊക്കെ മുശ്രിക്കുകളുടെ ആരാധ്യന്മാർ ആണെന്നും, അവയെ ആരാധിക്കാൻ പാടില്ലെന്നും അല്ലാഹു തന്നെ ഖുർആനിൽ നമ്മെ അറിയിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ കാണുക:

وَلَا تَدْعُ مَعَ اللَّهِ إِلَٰهًا آخَرَ

"അല്ലാഹുവോടൊപ്പം വേറെ യാതൊരു **ഇലാഹുകളെയും** നീ വിളിച്ച് പ്രാർത്ഥിക്കരുത്." (ഖസ്വസ്വ്: 88)

وَإِذْ قَالَ إِبْرَاهِيمُ لِأَبِيهِ آزَرَ أَتَتَّخِذُ أَصْنَامًا آلِهَةً

"ഇബ്രാഹീം തന്റെ പിതാവായ ആസറിനോട് പറഞ്ഞ സന്ദർഭം (ഓർക്കുക.) ചില ബിംബങ്ങളെയാണോ താങ്കൾ **ഇലാഹുകളായി** സ്വീകരിക്കുന്നത്?" (അൻആം: 74)

ചുരുക്കത്തിൽ, അല്ലാഹുവിന് പുറമെ ഇലാഹുകൾ (ആരാധ്യന്മാർ) ഉണ്ട്. അവർ ആരാധിക്കപ്പെടുന്നുണ്ട് എന്ന അർത്ഥത്തിലാണ് അവരെ ഇലാഹുകൾ (ആരാധ്യന്മാർ) എന്ന് വിളിക്കുന്നത്.

മനുഷ്യർ അല്ലാഹുവിന് പുറമെ മറ്റൊന്നിനെയും ആരാധിച്ചിരുന്നില്ലെങ്കിൽ അവനു പുറമെ മറ്റൊന്നും ഇലാഹ് എന്ന് വിളിക്കപ്പെടില്ലായിരുന്നു. എന്നാൽ പിശാച് മനുഷ്യരെ വഴിതെറ്റിക്കുകയും അല്ലാഹുവിനു പുറമെയുള്ളവർ ആരാധിക്കപ്പെടുകയും ചെയ്തിരിക്കുന്നു. അതിനാൽ അല്ലാഹുവിന് പുറമെയുള്ളവരും ഇലാഹ് എന്ന പേരിൽ വിളിക്കപ്പെടുന്നുണ്ട്.

അപ്പോൾ ശഹാദത് കലിമയിൽ ‘അല്ലാഹുവല്ലാതെ ആരാധ്യനായി മറ്റാരും ഇല്ല’ എന്ന പറഞ്ഞതിന്റെ അർത്ഥമോ?

പണ്ഡിതന്മാർ പറഞ്ഞു: **‘അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ല’** എന്നതാണ് ‘ലാ ഇലാഹ ഇല്ലല്ലാഹ്’’ എന്നതിന്റെ ഉദ്ദേശവും ആശയവും. അറബിയിലാണ് പറയുന്നതെങ്കിൽ;

لَا مَعْبُودَ بِحَقٍّ إِلَّا اللَّهُ

എന്ന പറയാം. മുൻഗാമികളും പിൽക്കാലക്കാരുമായ അനേകം പണ്ഡിതന്മാർ ഈ അർഥം ശഹാദത് കലിമ വിശദീകരിക്കവെ പറഞ്ഞതായി കാണാം. ഇമാം ത്വബരി (തഫ്സീർ: 12/10), ഇമാം ബഗവി (തഫ്സീർ: 6/157), അബൂഹയ്യാൻ (തഫ്സീർ: 1/462), ഇബ്നു തൈമിയ്യ (മജ്മൂഉൽ ഫതാവ: 14/171), ഇബ്നുൽ ഖയ്യിം (ബദാഇഉൽ ഫവാഇദ്: 3/962), ഇബ്നു കസീർ: (തഫ്സീർ: 5/314), സുയൂത്വി (ജലാലയ്നി: 67), ബയ്ദ്വാവി (തഫ്സീർ: 1/257), തുടങ്ങിയവർ അവരിൽ ചിലർ മാത്രം.

ചുരുക്കത്തിൽ, അല്ലാഹുവിന് പുറമെ ഏറെ ആരാധ്യവസ്തുക്കളെ ജനങ്ങൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും അത് അങ്ങേയറ്റത്തെ അന്യായമാണെന്നും, ആരാധിക്കപ്പെടാൻ അർഹതയുള്ളത് അല്ലാഹു മാത്രമാണെന്നും, അവനു പുറമെയുള്ളവർക്ക് നൽകുന്ന ആരാധന ലോകങ്ങളുടെ സ്രഷ്ടാവിനു അവകാശപ്പെട്ടത് സൃഷ്ടികൾക്ക് നൽകലാണ് എന്നും ശഹാദത് ബോധ്യപ്പെടുത്തുന്നു.

ഇക്കാര്യം ബോധ്യപ്പെടുത്തുന്ന അനേകം ആയത്തുകളും ഹദീസുകളും കണ്ടെത്താൻ കഴിയും. അതിൽ പ്രബലമായ ഒന്നു മാത്രം ഇവിടെ പറയാം.

وَمَاأَرۡسَلۡنَامِنقَبۡلِكَمِنرَّسُولٍإِلَّانُوحِيٓإِلَيۡهِأَنَّهُۥلَآإِلَٰهَإِلَّآأَنَا۠فَٱعۡبُدُونِ

"ഞാനല്ലാതെ യാതൊരു ആരാധ്യനുമില്ല (ലാ ഇലാഹ ഇല്ലല്ലാഹ്); അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു റസൂലിനെയും നാം അയച്ചിട്ടില്ല." (അമ്പിയാഅ: 25)

നബിമാർ ജനങ്ങളോട് 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന ശഹാദത് കലിമയിലേക്ക് ക്ഷണിച്ച ഉടനെ അവരോട് പറഞ്ഞ വാക്ക് ശ്രദ്ധിക്കുക. അവർ പറഞ്ഞു: 'അതിനാൽ നിങ്ങൾ എന്നെ ആരാധിക്കൂ'. 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് പറഞ്ഞവൻ അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിലേക്കാണ് എത്തിചേരേണ്ടത് എന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം.

ഇതല്ലാതെയും അനേകം തെളിവുകൾ ഈ പറഞ്ഞ അടിസ്ഥാനം ബോധ്യപ്പെടുത്തുന്നതായി ഖുർആനിലും ഹദീസിലും കണ്ടെത്താൻ കഴിയും. അവയിൽ ചിലത് വഴിയെ സന്ദർഭം വരുമ്പോൾ വായിക്കാം. ഇൻഷാ അല്ലാഹ്.

## ലാ ഇലാഹ ഇല്ലല്ലാഹ്; അടിസ്ഥാന സ്തംഭങ്ങൾ

'ലാ ഇലാഹ ഇല്ലല്ലാഹ്'' എന്ന ശഹാദത് കലിമ രണ്ട് ഭാഗങ്ങളായാണ് നിലകൊള്ളുന്നതെന്ന് ഈ വാക്കിന്റെ ഘടന ശ്രദ്ധിച്ചാൽ മനസ്സിലാകും. ഈ രണ്ട് ഭാഗങ്ങളെ ശഹാദത് കലിമയുടെ റുക്നുകൾ -അടിസ്ഥാന സ്തംഭങ്ങൾ- എന്ന് വിശേഷിപ്പിക്കാം.

'ലാ ഇലാഹ' -ഒരു ഇലാഹുമില്ല- എന്ന ആദ്യ ഭാഗം അല്ലാഹുവിന് പുറമെയുള്ള എല്ലാ ആരാധ്യവസ്തുക്കളെയും നിഷേധിക്കുകയും തള്ളിപ്പറയുകയും ചെയ്യുന്നെങ്കിൽ, 'ഇല്ലല്ലാഹ്'' -അല്ലാഹു ഒഴികെ- എന്ന രണ്ടാം ഭാഗം അല്ലാഹു മാത്രമാണ് ഇലാഹ് എന്ന് സ്ഥിരപ്പെടുത്തുകയും സ്ഥിരീകരിക്കുകയും ചെയ്യുന്നു.

അപ്പോൾ 'ലാ ഇലാഹ ഇല്ലല്ലാഹ്'' എന്ന ശഹാദതിന്റെ അടിസ്ഥാനങ്ങൾ രണ്ട് കാര്യങ്ങളാണ്. **ഒന്ന് നിഷേധവും (النَّفْيُ) രണ്ട് സ്ഥിരീകരണവും (الاثْبَاتُ).** ഈ രണ്ട് അടിസ്ഥാനങ്ങളും കലിമതുശ്ശഹാദ ഉച്ചരിക്കുന്ന ഓരോ വ്യക്തിയുടെയും വിശ്വാസത്തിലും ആദർശത്തിലും അടിയുറച്ച നിലയിൽ ഉണ്ടായിരിക്കണം.

**ഒന്നാമത്തെ അടിസ്ഥാനം:** അല്ലാഹുവിന് പുറമെയുള്ള എല്ലാ ആരാധ്യവസ്തുക്കളെയും നിഷേധിക്കുകയും തള്ളിപ്പറയുകയും ചെയ്യുന്നു. അല്ലാഹുവിന് പുറമെയുള്ള ഒന്നിനും തന്നെ ആരാധനക്ക് അവകാശമോ, ആരാധ്യനാക്കപ്പെടാൻ അർഹതയോ ഇല്ലെന്നും ഈ ആദ്യ ഭാഗം സംശയലേശമെന്യേ പ്രഖ്യാപിക്കുന്നു.

**രണ്ടാമത്തെ അടിസ്ഥാനമാകട്ടെ:** ആരാധന അല്ലാഹുവിന് മാത്രമാണ് നൽകേണ്ടതെന്നും, അവൻ മാത്രമാണ് ആരാധിക്കപ്പെടാൻ അർഹതയുള്ള ഏകഇലാഹ് എന്നും സ്ഥിരപ്പെടുത്തുന്നു. അല്ലാഹുവിന്റെ ഏകത്വവും ആരാധിക്കപ്പെടാൻ അവന് മാത്രമുള്ള അർഹതയും ഈ രണ്ടാം ഭാഗം സ്ഥിരീകരിക്കുന്നു.

അറബി ഭാഷാ നിയമ പ്രകാരം ഏറ്റവും ആശയസമ്പുഷ്ടവും അങ്ങേയറ്റം കൃത്യതയാർന്നതുമാണ് കലിമതുശ്ശഹാദയിലെ ഈ പ്രയോഗം. ഒരു നിലക്കും അല്ലാഹുവിന് ഒരു പങ്കാളിയോ, തുല്ല്യനോ, പങ്കുകാരനോ ഉണ്ടെന്ന എന്തെങ്കിലുമൊരു സൂചന പോലും ഈ വാക്കിൽ നിന്ന് ലഭിക്കുകയില്ലെന്ന് മാത്രമല്ല, അവരെയെല്ലാം ഒന്നു പോലും ബാക്കി വെക്കാതെ ഈ വാക്കുകൾ തുടച്ചു നീക്കുകയും ചെയ്യുന്നു.

അല്ലാഹുവാണ് ആരാധനക്കർഹൻ എന്ന് പറയുന്നതിനെക്കാൾ ശക്തമാണ് അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല എന്ന് പറയുന്നത്. 'വീട്ടിൽ മകൻ ഉണ്ട്'' എന്ന് പറയുന്നതും, 'വീട്ടിൽ മകനല്ലാതെ മറ്റൊരാളുമില്ല' എന്നു പറയുന്നതും തമ്മിലുള്ള വ്യത്യാസത്തെ കുറിച്ച് ചിന്തിക്കുന്നത് ശഹാദത് കലിമയിലെ ഈ പറഞ്ഞ ആശയപരമായ കൃത്യതയും ശക്തിയും ബോധ്യപ്പെടാൻ ഒരു പരിധി വരെ സഹായിച്ചേക്കാം.

'ലാ ഇലാഹ ഇല്ലല്ലാഹ്'' ഹൃദയത്തിൽ പ്രവേശിക്കുമ്പോൾ അതിന്റെ ആദ്യഭാഗം ഹൃദയത്തിൽ നിന്ന് അല്ലാഹുവിന് പുറമെയുള്ള എല്ലാ ആരാധ്യന്മാരെയും തച്ചുടച്ചു പുറത്തു

കളയുന്നു. രണ്ടാം ഭാഗം അല്ലാഹുവിന്റെ ഏകത്വത്തെ അവിടെ ശക്തമായി സ്ഥാപിക്കുന്നു.

ആദ്യ ഭാഗം എല്ലാം ഊരിയെടുക്കുന്നു; രണ്ടാം ഭാഗം റബ്ബുമായുള്ള ബന്ധത്തെ കെട്ടിയുറപ്പിക്കുന്നു. 'ലാ ഇലാഹ' അല്ലാഹുവിന് പുറമെയുള്ള എല്ലാ ആരാധ്യന്മാരെയും മായ്ച്ചു കളയുമ്പോൾ 'ഇല്ലല്ലാഹ്' അല്ലാഹുവിനെ കുറിച്ച് മായാത്ത രൂപത്തിൽ എഴുതി ചേർക്കുന്നു.

നിന്റെ കയ്യിൽ വിലയേറെ മതിക്കുന്ന ഒരു പവിഴമുണ്ടെന്ന് കരുതുക. നിന്റെ മുറിയിൽ ഏറ്റവും ശുദ്ധമായ സ്ഥാനത്ത് നിനക്കത് വെക്കണം. എന്നാൽ മുറിയാകട്ടെ; പൊടിയും മാറാലയും പിടിച്ചു കിടക്കുന്നു. വിലപിടിപ്പുള്ള പവിഴം വെച്ചു കഴിഞ്ഞതിന് ശേഷമാണോ നീ മുറി വൃത്തിയാക്കുക?! അതല്ല, അവിടെയെല്ലാം ശുദ്ധമാക്കിയതിനു ശേഷം –ഒരു പൊടിയോ ചെറിയ കറയോ പോലും ബാക്കിയില്ലെന്ന് ഉറപ്പു വരുത്തിയതിന് ശേഷമോ?! ഉത്തരം നിനക്കറിയാം.

നിന്റെ ഹൃദയം അല്ലാഹുവിന് പുറമെയുള്ളവരെ കൊണ്ടുള്ള മാലിന്യങ്ങൾ കൊണ്ട് നിറഞ്ഞിരുന്നു. കേൾക്കുകയോ കാണുകയോ ചെയ്യാത്തെ വിഗ്രഹങ്ങളും മരിച്ചു പോയ മഹാന്മാരുടെ മഖ്ബറകളും അവിടെ ചെളിയും ചവറും നിറച്ചു വെച്ചിരുന്നു. ആദ്യമതെല്ലാം ഇത്തു വൃത്തിയാക്കുക! പിന്നെ അവിടം ശുദ്ധിയും ഭംഗിയുമുള്ളതാക്കുക –അല്ലാഹുവിനെ കൊണ്ട്, അവനെ കുറിച്ചുള്ള സ്മരണയും അവനുള്ള ആരാധനയും കൊണ്ട്–.

അതിനാൽ 'ലാ ഇലാഹ ഇല്ലല്ലാഹ്' ഒരേ സമയം ബന്ധ

വും ബന്ധവിഛേദനവുമാണ്. അല്ലാഹുവിനോടുള്ള ബന്ധവും, അവന് പുറമെ ആരാധിക്കപ്പെടുന്നവയോടുള്ള ബന്ധവിഛേദനവും.

ഈ പറഞ്ഞ രണ്ട് അടിസ്ഥാനങ്ങളും ഒരു പോലെ പ്രാധാന്യമുള്ളതാണ്. ചിലർ ധരിക്കുന്നത് പോലെ; അല്ലാഹുവിനെ മാത്രം ആരാധിക്കാമെന്ന് പറഞ്ഞാൽ മതിയാകില്ലേ? എന്തിനാണ് അല്ലാഹുവിന് പുറമെയുള്ളവരെ ആരാധിക്കരുതെന്നും, അത് അന്യായമാണെന്നും പറയുന്നത്. അവരെ എതിർക്കുകയും, അവരുടെ ഈ പ്രവൃത്തിയെ ആക്ഷേപിക്കുകയും ചെയ്യാതെ, നിങ്ങൾക്ക് അല്ലാഹുവിനെ മാത്രം ആരാധിച്ചു കഴിഞ്ഞു കൂടാമല്ലോ?

അവർക്കുള്ള ഉത്തരം 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നതിന്റെ ആദ്യ ഭാഗമാണ്. അതിലടങ്ങിയിരിക്കുന്ന നിഷേധത്തിന്റെ ഭാഷയും സ്വരവുമാണ്. ഖുർആനിലും ഹദീസിലും ഈ രണ്ട് അടിസ്ഥാനങ്ങൾ -നിഷേധവും സ്ഥിരീകരണവും- ആവർത്തിച്ചു കാണാൻ കഴിയും.

وَإِذْ قَالَ إِبْرَاهِيمُ لِأَبِيهِ وَقَوْمِهِ إِنَّنِي بَرَاءٌ مِّمَّا تَعْبُدُونَ ﴿٢٦﴾ إِلَّا الَّذِي فَطَرَنِي

"ഇബ്രാഹീം തന്റെ പിതാവിനോടും ജനങ്ങളോടും ഇപ്രകാരം പറഞ്ഞ സന്ദർഭം: തീർച്ചയായും **ഞാൻ നിങ്ങൾ ആരാധിക്കുന്നതിൽനിന്ന് ഒഴിഞ്ഞു നിൽക്കുന്നവനാകുന്നു; എന്നെ സൃഷ്ടിച്ചവനൊഴികെ."** (സുഖ്റുഫ്: 26-27)

നോക്കൂ! ഇബ്രാഹീം -عَلَيْهِ السَّلَامُ- ആദ്യം അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്ന ആരാധ്യവസ്തുക്കളിൽ നിന്നുള്ള

അകൽച്ചയും ബന്ധവിച്ഛേദനവുമാണ് പ്രഖ്യാപിച്ചത്. ശേഷമാണ് അല്ലാഹുവിന് മാത്രം ആരാധന നൽകുകയുള്ളൂ എന്ന് അദ്ദേഹം വ്യക്തമാക്കിയത്. 'ലാ ഇലാഹ ഇല്ലല്ലാഹ്'' എന്ന വാക്കിന്റെ നേർഘടനയാണിത്.

ഇസ്ലാമിനെ കുറിച്ച് ചുരുങ്ങിയ വാക്കുകളിൽ വിശദീകരിക്കുന്ന ആയത്തിൽ അല്ലാഹു -تَعَالَى- പറഞ്ഞു:

قُلْ يَا أَيُّهَا النَّاسُ إِن كُنتُمْ فِي شَكٍّ مِّن دِينِي فَلَا أَعْبُدُ الَّذِينَ تَعْبُدُونَ مِن دُونِ اللَّهِ وَلَٰكِنْ أَعْبُدُ اللَّهَ الَّذِي يَتَوَفَّاكُمْ

"പറയുക: ജനങ്ങളേ, എന്റെ മതത്തെ സംബന്ധിച്ച് നിങ്ങൾ സംശയത്തിലാണെങ്കിൽ (നിങ്ങൾ മനസ്സിലാക്കുക;) **അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നവരെ ഞാൻ ആരാധിക്കുകയില്ല. പക്ഷെ നിങ്ങളെ മരിപ്പിക്കുന്നവനായ അല്ലാഹുവെ ഞാൻ ആരാധിക്കുന്നു."** (യൂനുസ്: 104)

ഇവിടെയും അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നവയിൽ നിന്നുള്ള അകൽച്ച പ്രഖ്യാപിക്കാനാണ് നബി -ﷺ- യോട് അല്ലാഹു -تَعَالَى- ആദ്യം കൽപ്പിച്ചത്. ശേഷമാണ് അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിനെ അവൻ പരാമർശിച്ചത്.

وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَّسُولًا أَنِ اعْبُدُوا اللَّهَ وَاجْتَنِبُوا الطَّاغُوتَ

"തീർച്ചയായും ഓരോ സമുദായത്തിലും നാം റസൂലിനെ നിയോഗിച്ചിട്ടുണ്ട്. **നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, (അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്ന) ത്വാഗൂതുകളെ വെ**

**ടിയുകയും ചെയ്യണം** എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി.)" (നഹ്ൽ: 36)

വിശദീകരണം ആവശ്യമില്ലാത്ത വണ്ണം ഈ ആയത്തിലും ലാ ഇലാഹ ഇല്ലല്ലാഹുവിന്റെ രണ്ട് സ്തംഭങ്ങൾ പ്രകടമാണ്.

عَنْ أَبِي مَالِكٍ، عَنْ أَبِيهِ، قَالَ: سَمِعْتُ رَسُولَ اللَّهِ -ﷺ- يَقُولُ: «**مَنْ قَالَ: لَا إِلَهَ إِلَّا اللَّهُ، وَكَفَرَ بِمَا يُعْبَدُ مِنْ دُونِ اللَّهِ، حَرُمَ مَالُهُ، وَدَمُهُ، وَحِسَابُهُ عَلَى اللَّهِ**»

നബി -ﷺ- പറഞ്ഞു: "ആരെങ്കിലും 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് പറയുകയും, അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നവയെ അവിശ്വസിക്കുകയും ചെയ്താൽ അവന്റെ രക്തവും സമ്പാദ്യവും നിഷിദ്ധമായിരിക്കുന്നു; അവന്റെ വിചാരണ അല്ലാഹുവിങ്കലാണ്." (മുസ്ലിം: 23)

ഇത്രയും പറഞ്ഞതിൽ നിന്ന് അല്ലാഹുവിന് മാത്രം ആരാധനകൾ സമർപ്പിക്കുക എന്നത് എത്ര മാത്രം പ്രാധാന്യമുള്ളതാണോ, അത് പോലെ പ്രധാനമാണ് അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നവയെ നിഷേധിക്കുകയും അവയെ എതിർക്കുകയും ചെയ്യുന്നത് എന്ന് മനസ്സിലായി.

ചിലർ പറയുന്നത് പോലെ: 'നമുക്ക് അല്ലാഹുവിനെ ആരാധിക്കുള്ള' എന്ന് മാത്രം പറയാം. മറ്റുള്ളവർ ജാറങ്ങളെയും മഖ്ബറകളെയും ആരാധിക്കുന്നുണ്ടെങ്കിൽ അതിനെ എതിർക്കാനോ നിഷേധിക്കാനോ നാം പോകേണ്ടതില്ല.' എന്നിങ്ങനെയുള്ള ന്യായവാദങ്ങൾ ഇസ്ലാമിന്റെ രീതിക്ക് യോജിക്കുന്നതല്ലെന്നും ഇതിൽ നിന്നെല്ലാം ബോധ്യപ്പെടും.

## ശഹാദത്; നിഷേധിക്കുന്നതെന്തെല്ലാം?

'ലാ ഇലാഹ ഇല്ലല്ലാഹ്'' എന്ന വാക്കിൽ അടങ്ങിയിട്ടുള്ള രണ്ട് അടിസ്ഥാന സ്തംഭങ്ങളെ കുറിച്ച് നാം മനസ്സിലാക്കുക യുണ്ടായി. 'ലാ ഇലാഹ' എന്ന ആദ്യ ഭാഗം അല്ലാഹുവിന് പുറമെയുള്ള ആരാധ്യവസ്തുക്കളെ നിഷേധിക്കുകയും തള്ളി പ്പറയുകയുമാണെന്നും നാം വ്യക്തമാക്കി.

സ്വാഭാവികമായും എന്തെല്ലാമാണ് നിഷേധിക്കേണ്ടതെന്നും, അല്ലാഹുവിന് പുറമെയുള്ള ആരാധ്യവസ്തുക്കൾ എന്തെല്ലാമാണെന്നുമുള്ള ചോദ്യം അടുത്തതായി ഉയർന്നു വരും. കാരണം അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നവ വ്യത്യസ്ത തരങ്ങളും ഇനങ്ങളുമുണ്ട്. എല്ലാ ആരാധ്യവസ്തുക്കളും ഒരു പോലെയല്ല; എല്ലാത്തിനോടുമുള്ള ആരാധകരുടെ സമീപനവും ഒരു പോലെയല്ല.

അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നവയെ ജനങ്ങളോടുള്ള അവയുടെ സമീപനത്തിന്റെ അടിസ്ഥാനത്തിൽ നാലായി തിരിക്കാം. ഈ നാല് കാര്യങ്ങളെയും 'ലാ ഇലാഹ ഇല്ലല്ലാഹ്'' എന്ന ശഹാദത് കലിമ നിഷേധിക്കുന്നുണ്ട്. അവ താഴെ പറയാം:

### ഒന്ന്: ആലിഹഃ (الآلِهَةُ).

'ഇലാഹ്'' എന്നതിന്റെ ബഹുവചനമാണ് 'ആലിഹഃ' എന്ന അറബി പദം. ഇലാഹ് എന്നതിന്റെ അർഥം ആരാധിക്കപ്പെടുന്നവൻ എന്നാണെന്നും, അല്ലാഹുവിന് പുറമെ ഒരാളും ആരാധിക്കപ്പെടാൻ അർഹരല്ലെന്നും 'ലാ ഇലാഹ ഇല്ല

ല്ലാഹ്' എന്ന വാകൃത്തിന്റെ അർത്ഥവും ആശയവും വിശ ദീകരിക്കവെ നാം പറഞ്ഞു കഴിഞ്ഞിട്ടുണ്ട്.

എന്നാൽ ഇവിടെ 'ഇലാഹ്' എന്നത് കൊണ്ട് ഉദ്ദേശിക്കു ന്നത് പ്രത്യേകമായ ഒരു അർത്ഥമാണ്. "അല്ലാഹുവിന് പു റമെ ഗുണം പ്രതീക്ഷിച്ചു കൊണ്ടോ, ദോഷം നീക്കുന്നതി നോ ഒരാൾ അവലംബമാക്കുന്ന എന്തൊരു കാര്യവും" അ യാളുടെ ഇലാഹാണ്.

ഒരാൾ തന്റെ രോഗം മാറുന്നതിനോ, അയാൾക്ക് സന്താ നലബ്ധി ഉണ്ടാകുന്നതിനോ, അയാളുടെ ജീവിത പ്രാരാബ്ധ ങ്ങൾ നീക്കുന്നതിനോ ലോകങ്ങളുടെ സ്രഷ്ടാവായ അല്ലാ ഹുവിന് പുറമെ മറ്റാരെയെങ്കിലും തന്റെ അവലംബവും അ വസാന ആശ്രയവുമാക്കി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അത് അ വന്റെ ഇലാഹാണ്.

മേൽ പറഞ്ഞ കാര്യങ്ങൾക്കായി ഈസ നബിയോട് ചോ ദിക്കുകയും അദ്ദേഹത്തിൽ പ്രതീക്ഷ വെക്കുകയും ചെയ്യുന്ന നസ്വാറാക്കളും, വിഗ്രഹങ്ങളെ അവലംബമായി കാണുന്ന വിഗ്രഹാരാധകരും, ഖബ്റുകളെയും ഔലിയാക്കളെയും സ്വീകരിച്ചിരിക്കുന്ന ചില 'മുസ്ലിം നാമധാരികളും' ഉദാഹര ണം. ഇവയൊന്നും 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് പ്രഖ്യാ പിച്ച ഒരു മുസ്ലിമിൽ ഉണ്ടാകാൻ പാടില്ല.

അല്ലാഹുവിന് പുറമെ ഇലാഹുകൾ യാതൊന്നും ഇല്ലെന്ന കാര്യം സംശയലേശമന്യേ പ്രഖ്യാപിച്ചു കൊണ്ട് അല്ലാഹു -تَعَالَى- പറയുന്നു:

وَاتَّخَذُوا مِن دُونِهِ آلِهَةً لَّا يَخْلُقُونَ شَيْئًا وَهُمْ يُخْلَقُونَ وَلَا يَمْلِكُونَ لِأَنفُسِهِمْ ضَرًّا وَلَا نَفْعًا وَلَا يَمْلِكُونَ مَوْتًا وَلَا حَيَاةً وَلَا نُشُورًا ﴿٣﴾

"അവന്ന് പുറമെ പല **ഇലാഹുകളെയും** അവർ സ്വീകരിച്ചിരിക്കുന്നു. അവർ യാതൊന്നും സൃഷ്ടിക്കുന്നില്ല. അവർ തന്നെയും സൃഷ്ടിക്കപ്പെടുകയാകുന്നു. **തങ്ങൾക്ക് തന്നെ ഉപദ്രവമോ ഉപകാരമോ അവർ അധീനപ്പെടുത്തുന്നുമില്ല.** മരണത്തെയോ ജീവിതത്തെയോ ഉയിർത്തെഴുന്നേൽപിനെയോ അവർ അധീനപ്പെടുത്തുന്നില്ല." (ഫുർഖാൻ: 3)

**രണ്ട്: അൻദാദ് (الأَنْدَادُ).**

'നിദ്ദ്'' എന്ന പദത്തിന്റെ ബഹുവചനമാണ് 'അൻദാദ്''. തുല്ല്യനും സമനുമായിട്ടുള്ളവന് അറബിയിൽ നിദ്ദ് എന്നു പറയാം. അല്ലാഹുവിന് തുല്ല്യനോ സമനോ ആയിട്ടുള്ള ഒരാളും തന്നെയില്ല.

"അല്ലാഹുവിന്റെ ദീനിൽ നിന്ന് നിന്നെ പിടിച്ചു വലിക്കുകയും, പിന്നോട്ടടിപ്പിക്കുകയും ചെയ്യുന്ന എന്തും" അല്ലാഹുവിന് പുറമെയുള്ള നിദ്ദുകളാണ്. അത് ചിലപ്പോൾ നിന്റെ ഭാര്യയോ മക്കളോ കുടുംബമോ സമ്പത്തോ ഒക്കെയായിരിക്കാം.

'ലാ ഇലാഹ ഇല്ലല്ലാഹ്'' എന്ന് ഉച്ചരിച്ച ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം അവനു ഏറ്റവും വലുത് അല്ലാഹുവും അവന്റെ തൃപ്തിയുമാണ്. അതിനു വിരുദ്ധമാകുന്ന ഒന്നും തന്നെ –അവൻ സ്നേഹിക്കുന്നവരോ അല്ലാത്തവരോ- കൽപ്പിച്ചാലും തടഞ്ഞാലും അവയെ അവൻ പരിഗണിക്കുകയില്ല.

അല്ലാഹുവിന് പുറമെയുള്ള എന്തിനോടുമുള്ള നിന്റെ അതിരുവിട്ട സ്നേഹം അല്ലാഹുവിന്റെ ദീനിനെ ഉപേക്ഷിക്കാനും, അതിന് പരിഗണനയും പ്രാധാന്യവും നൽകുന്നതിൽ നിന്ന് നിന്നെ അകറ്റാനും കാരണമാകുന്നെങ്കിൽ അവ അല്ലാഹുവിന് പുറമെ നീ സ്വീകരിച്ചിരിക്കുന്ന 'അൻദാദ്'കളാണ്. ഇത്തരക്കാരെ കുറിച്ച് അല്ലാഹു -تَعَالَى- പറഞ്ഞു:

وَمِنَ النَّاسِ مَن يَتَّخِذُ مِن دُونِ اللَّهِ أَندَادًا يُحِبُّونَهُمْ كَحُبِّ اللَّهِ ۖ وَالَّذِينَ آمَنُوا أَشَدُّ حُبًّا لِّلَّهِ ۗ

"അല്ലാഹുവിന് പുറമെയുള്ളവരെ **'അൻദാദുകളാ'ക്കുന്ന** ചിലരുണ്ട്. അല്ലാഹുവെ സ്നേഹിക്കുന്നത് പോലെ ഈ ആളുകൾ **അവരെയും സ്നേഹിക്കുന്നു.** എന്നാൽ മുഅമിനീങ്ങൾ അല്ലാഹുവോട് അതിശക്തമായ സ്നേഹമുള്ളവരത്രെ." (ബഖറ: 165)

## മൂന്ന്: അർബാബ് (الأَرْبَابُ).

'റബ്ബ്'' എന്നതിന്റെ ബഹുവചനമാണ് 'അർബാബ്'' എന്ന പദം. "അല്ലാഹുവിന്റെ വിധിക്ക് എതിരായി ആരെങ്കിലും വിധിക്കുകയും, അതിൽ അയാളെ സത്യപ്പെടുത്തി കൊണ്ട് നീ അനുസരിക്കുകയും ചെയ്താൽ" അവൻ നിന്റെ റബ്ബാകും.

അല്ലാഹു നിഷിദ്ധമാക്കിയ ഒരു കാര്യം ആരെങ്കിലും അനുവദനീയമാക്കുകയോ, അല്ലാഹു അനുവദിച്ച ഒരു കാര്യം ആരെങ്കിലും നിഷിദ്ധമാക്കുകയോ ചെയ്യുന്നു കരുതുക. അല്ലാഹുവിന്റെ വിധിക്ക് വിരുദ്ധമായ ഈ നിയമം നിർമ്മിച്ച വ്യക്തിയെ സത്യപ്പെടുത്തി കൊണ്ട് ആരെങ്കിലും അതിൽ അ

യാളെ അനുസരിച്ചാൽ അവൻ ഇവന്റെ റബ്ബായി തീർന്നു.

യഹൂദ-നസ്വാറാക്കൾ ചെയ്തത് ഉദാഹരണം. അവർ അല്ലാഹുവിന്റെ വിധികൾ മാറ്റി മറിക്കാൻ തങ്ങളുടെ പുരോഹിതന്മാർക്ക് അവകാശവും അധികാരവുമുണ്ടെന്ന് വിശ്വസിച്ചു കൊണ്ട് അവരെ അനുസരിച്ചു. അതിനാൽ ഇവർ അവരുടെ റബ്ബുകളായി തീർന്നുവെന്നാണ് അല്ലാഹു -تَعَالَى- അറിയിച്ചത്.

اتَّخَذُوا أَحْبَارَهُمْ وَرُهْبَانَهُمْ أَرْبَابًا مِّن دُونِ اللَّـهِ

"അവരുടെ പണ്ഡിതൻമാരെയും പുരോഹിതൻമാരെയും അല്ലാഹുവിന് പുറമെ അവർ **'അർബാബുകളാ'യി** സ്വീകരിച്ചു." (തൌബ: 31)

«أَمَا إِنَّهُمْ لَمْ يَكُونُوا يَعْبُدُونَهُمْ، وَلَكِنَّهُمْ كَانُوا إِذَا أَحَلُّوا لَهُمْ شَيْئاً اسْتَحَلُّوهُ، وَإِذَا حَرَّمُوا عَلَيْهِمْ شَيْئاً حَرَّمُوهُ، فَتِلْكَ عِبَادَتُهُمْ»

നബി -ﷺ- പറഞ്ഞു: "അവർ പുരോഹിതന്മാരെ ആരാധിച്ചിരുന്നില്ല. എന്നാൽ പുരോഹിതന്മാർ അവർക്ക് (അല്ലാഹു നിഷിദ്ധമാക്കിയ) എന്തെങ്കിലും അനുവദനീയമാക്കി നൽകിയാൽ അവരും അതനുവദനീയമാക്കും. പുരോഹിതന്മാർ അവർക്ക് (അല്ലാഹു അനുവദനീയമാക്കിയ) എന്തെങ്കിലും നിഷിദ്ധമാക്കിയാൽ അവരും അത് നിഷിദ്ധമാക്കും. അതാണ് അവർക്കുള്ള ഇവരുടെ ആരാധന." (സ്വഹീഹ: 3293)

അപ്പോൾ അല്ലാഹു -تَعَالَى- യുടെ നിയമങ്ങളെ മാറ്റി മറിക്കുന്നവരെ അതിൽ സത്യപ്പെടുത്തി കൊണ്ട് അനുസരിക്കു

ന്നത് അല്ലാഹുവിന് പുറമെ റബ്ബുകളെ നിശ്ചയിക്കലാണ്. ത്വരീഖത്തിന്റെ ശൈഖുമാരെ അന്തമായി അനുസരിക്കുന്ന മുരീദന്മാരും, ഖുർആനിനും സുന്നത്തിനും വിരുദ്ധമാണെന്ന് വ്യക്തമായ കാര്യങ്ങളിൽ വരെ ഇമാമുമാരെ കണ്ണടച്ച് സ്വീകരിക്കുന്നവരും ഈ പറഞ്ഞതിൽ ഉൾപ്പെടും എന്ന് വളരെ ഭയപ്പെടേണ്ടവരാണ്.

എന്നാൽ അല്ലാഹുവിന്റെ തീരുമാനത്തിന് വിരുദ്ധമായി കൽപ്പിക്കുന്ന ഒരാളെ അനുസരിച്ചു എന്നത് കൊണ്ട് മാത്രം അയാൾ അല്ലാഹുവിന് പുറമെയുള്ള റബ്ബായി തീരണമെന്നില്ല. ഉദാഹരണത്തിനു മാതാപിതാക്കളെ അല്ലാഹുവിന്റെ തീരുമാനത്തിന് വിരുദ്ധമായി അനുസരിക്കുന്നത് തെറ്റാണെങ്കിലും അത് മാതാപിതാക്കളെ അല്ലാഹുവിന് പുറമെ റബ്ബായി നിശ്ചയിക്കലല്ല.

### നാല്: ത്വവാഗീത് (الطَّوَاغِيتُ).

അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്ന, അതിൽ തൃപ്തിയുള്ള എല്ലാ ആരാധ്യന്മാരും ത്വാഗൂതുകളാണ്. പിശാചും ആൾദൈവങ്ങളും ഉദാഹരണം. ഇവയൊക്കെ അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നുണ്ട്; അതോടൊപ്പം അവർക്ക് അങ്ങനെ തങ്ങൾ ആരാധിക്കപ്പെടുന്നതിൽ തൃപ്തിയുമുണ്ട്. ഇത്തരക്കാർ ത്വാഗൂതുകളിൽ ഉൾപ്പെടും.

ത്വാഗൂതുകളെ വെടിയണമെന്നത് എല്ലാ നബിമാരും തങ്ങളുടെ സമൂഹത്തോട് കൽപ്പിച്ച പ്രധാന കൽപ്പനകളിൽ ഒന്നാണ്.

وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَّسُولًا أَنِ اعْبُدُوا اللَّهَ وَاجْتَنِبُوا الطَّاغُوتَ

“നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, 'ത്വാഗൂതുകളെ' വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി) ഓരോ സമുദായത്തിലും നാം റസൂലിനെ നിയോഗിച്ചിട്ടുണ്ട്.” (നഹ്ൽ: 36)

‘ലാ ഇലാഹ ഇല്ലല്ലാഹ്’ എന്ന സാക്ഷ്യവചനം പ്രഖ്യാപിക്കുന്നതോടെ മേൽ പറഞ്ഞ നാലു കാര്യങ്ങളും എല്ലാ മുസ്ലിമിന്റെയും ജീവിതത്തിൽ നിന്ന് തുടച്ചു മാറ്റപ്പെടണം. ശഹാദത് കലിമയുടെ ഉദ്ദേശം ഈ പറഞ്ഞ അടിസ്ഥാനങ്ങളിലാണ് നിലകൊള്ളുന്നത്.

## ശഹാദത്; സ്ഥിരീകരിക്കുന്നതെന്തെല്ലാം?

'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന വാക്കിൽ അടങ്ങിയിട്ടുള്ള രണ്ട് അടിസ്ഥാന സ്തംഭങ്ങളെ കുറിച്ച് നാം മനസ്സിലാക്കുകയുണ്ടായി. 'ലാ ഇലാഹ' എന്ന ആദ്യ ഭാഗം അല്ലാഹുവിന് പുറമെയുള്ള ആരാധ്യവസ്തുക്കളെ നിഷേധിക്കുകയും തള്ളിപ്പറയുകയുമാണെങ്കിൽ അതിന്റെ രണ്ടാം ഭാഗം 'ഇല്ലല്ലാഹ്' എന്നത് അല്ലാഹുവിന് മാത്രമാണ് ആരാധനകൾ സർവ്വവും സമർപ്പിക്കേണ്ടതെന്ന് ഊന്നിപ്പറയുകയും സ്ഥിരീകരിക്കുകയുമാണ് ചെയ്യുന്നത്.

അല്ലാഹുവിന് മാത്രമേ ഞാൻ ആരാധനകൾ സർവ്വവും സമർപ്പിക്കൂ എന്ന ദൃഢപ്രതിജ്ഞയും നാല് കാര്യങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. ആരാധനകൾ അല്ലാഹുവിന് ഏകനാക്കുക എന്നത് മഹത്തരമായ അർഥവും ആശയവും ഉൾക്കൊള്ളുന്ന ഒരു തീരുമാനം തന്നെയാണ്. അതിനെ ബലപ്പെടുത്തുകയും സംരക്ഷിക്കുകയും ചെയ്യുന്ന അനേകം വിഷയങ്ങൾ അതിന് ചുറ്റും സ്വാഭാവികമായും ഉണ്ടായിരിക്കുക തന്നെ ചെയ്യും. അവ ചുരുങ്ങിയ രൂപത്തിൽ ഇവിടെ വിശദീകരിക്കാം.

**ഒന്ന്: ഇഖ്ലാസ് (الإِخْلَاصُ).**

കളങ്കമേതുമില്ലാതെ അല്ലാഹുവിന് മാത്രം ആരാധനകൾ ഓരോന്നും സമർപ്പിക്കലാണ് ഇഖ്ലാസ്. വിഗ്രഹങ്ങൾക്കോ, മരിച്ചു പോയവർക്കോ, മറ്റ് ആരാധ്യവസ്തുക്കൾക്കോ ആരാധന സമർപ്പിക്കാതെ, അല്ലാഹുവിന് മാത്രം ആരാധനകളെല്ലാം സമർപ്പിക്കുക എന്ന അടിസ്ഥാനപരമായ അർഥം മാത്രമല്ല ഇവിടെയുള്ള ഉദ്ദേശം. മറിച്ച്, അല്ലാഹുവിന് വേ

ണ്ടി ചെയ്യുന്ന ആരാധനകളിൽ കടന്നു കൂടിയേക്കാവുന്ന -സൂക്ഷ്മമായ കലർപ്പുകൾ വരെ- ഒഴിവാക്കിയും, സൂക്ഷിച്ചും ആരാധനകൾ കളങ്കമില്ലാതെയാക്കുക എന്ന അർഥം കൂടി ഇഖ്ലാസ് എന്ന ഈ പദം ഉൾക്കൊള്ളുന്നുണ്ട്.

രഹസ്യവും പരസ്യവുമായ അവന്റെ എല്ലാ ചലനങ്ങളിലും അല്ലാഹുവിന്റെ പ്രീതിയും, അവന്റെ ഇഷ്ടവും മാത്രം ആഗ്രഹിക്കുകയും അതിൽ സൃഷ്ടികളിൽ ഒരാൾക്കും ഒരു ചെറിയ പങ്ക് പോലും നൽകാതിരിക്കുകയും ചെയ്യുന്നവനാണ് യഥാർഥ ഇഖ്ലാസുള്ളവൻ. ജനങ്ങൾ പുകഴ്ത്തണമെന്നോ, അവർക്കിടയിൽ പ്രശസ്തിയും പരിഗണനയുമുണ്ടാകണമെന്നോ, എന്തെങ്കിലും ഐഹികനേട്ടങ്ങൾ ലഭിക്കണമെന്നോ ഒന്നും ആഗ്രഹിക്കാതെ, അല്ലാഹുവിന്റെ നോട്ടം ലഭിക്കണമെന്ന ഉദ്ദേശം മാത്രം ആരാധനകളിൽ ഉണ്ടായിരിക്കുക എന്ന അവസ്ഥ ഇഖ്ലാസാണ്.

അല്ലാഹു പറഞ്ഞു:

وَمَا أُمِرُوا إِلَّا لِيَعْبُدُوا اللَّهَ مُخْلِصِينَ لَهُ

"ഇഖ്ലാസോടെ (നിഷ്കളങ്കമായി) അല്ലാഹുവിനെ ആരാധിക്കാനല്ലാതെ അവർ കൽപ്പിക്കപ്പെട്ടിട്ടില്ല." (ബയ്യിനഃ: 5)

قُلْ إِنَّ صَلَاتِي وَنُسُكِي وَمَحْيَايَ وَمَمَاتِي لِلَّهِ رَبِّ الْعَالَمِينَ ﴿١٦٢﴾ لَا شَرِيكَ لَهُ وَبِذَٰلِكَ أُمِرْتُ وَأَنَا أَوَّلُ الْمُسْلِمِينَ ﴿١٦٣﴾

"പറയുക: തീർച്ചയായും എന്റെ പ്രാർത്ഥനയും, എന്റെ ആരാധനാകർമ്മങ്ങളും, എന്റെ ജീവിതവും, എന്റെ മരണവും ലോകങ്ങളുടെ രക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു. അ

വന്ന് പങ്കുകാരേയില്ല. അപ്രകാരമാണ് ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നത്. ഞാൻ മുസ്ലിമീങ്ങളിൽ ഒന്നാമനാണ്." (അൻആം: 162-163)

**രണ്ട്: ഭയവും പ്രതീക്ഷയും (الْخَوْفُ وَالرَّجَاءُ)**

അല്ലാഹുവിനോടുള്ള ഭയവും അവനിലുള്ള പ്രതീക്ഷയും ആരാധനകളിൽ മുന്നേറാനും, തിന്മകളിൽ നിന്ന് വിട്ടുനിൽക്കാനും സഹായിക്കുന്ന ഏറ്റവും മഹത്തരമായ കാരണങ്ങളാണ്.

'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന മഹത്തരമായ സാക്ഷ്യവചനം ഉച്ചരിക്കുന്നവരിൽ ഈ രണ്ട് അടിസ്ഥാനങ്ങൾ നിർബന്ധമായും ഉണ്ടായിരിക്കും. അത് കൊണ്ടാണല്ലോ നബിമാർ തങ്ങളുടെ സമൂഹത്തെ ഈ ദീനിലേക്ക് ക്ഷണിച്ചപ്പോഴെല്ലാം അല്ലാഹുവിനെ കുറിച്ച് പ്രതീക്ഷ നൽകുന്ന വാക്കുകളും, അവനെ ഭയപ്പെടാനുള്ള ഉപദേശങ്ങളും ഒരു പോലെ നൽകിയത്. നബിമാരെയും സച്ചരിതരായ ദാസന്മാരെയും കുറിച്ച് അല്ലാഹു പറഞ്ഞത് നോക്കൂ:

إِنَّهُمْ كَانُوا يُسَارِعُونَ فِي الْخَيْرَاتِ وَيَدْعُونَنَا رَغَبًا وَرَهَبًا

"തീർച്ചയായും അവർ നന്മകളിൽ ധൃതികാണിക്കുകയും, പ്രതീക്ഷയോടും, ഭയത്തോടെയും നമ്മോട് പ്രാർത്ഥിക്കുകയും ചെയ്യുന്നവരായിരുന്നു." (അമ്പിയാഅ്: 90)

يَدْعُونَ رَبَّهُمْ خَوْفًا وَطَمَعًا وَمِمَّا رَزَقْنَاهُمْ يُنفِقُونَ ﴿١٦﴾

"ഭയത്തോടും പ്രതീക്ഷയോടും അവർ തങ്ങളുടെ റബ്ബിനെ വിളിച്ചു പ്രാർഥിക്കുന്നു." (സജ്ദഃ:16)

**മൂന്ന്: ആദരവ് (التَّعْظِيمُ)**

അല്ലാഹ് മാത്രമാണ് നിന്റെ ഇലാഹ്. അവനെ നീ ആദരിക്കണം. അവനോടുള്ള അങ്ങേയറ്റത്തെ ബഹുമാനവും പരിഗണനയും നിന്റെ മനസ്സിലും വാക്കിലും പ്രവൃത്തികളിലും ഉണ്ടാകേണ്ടതുണ്ട്. അവന്റെ പേര് ഉച്ചരിക്കുമ്പോൾ നീ ശ്രദ്ധിക്കണം; മറ്റാരുടെയും പേരുകൾ പോലെയല്ല അവന്റെ പേര്. അവന്റെ ദീനിനെ കുറിച്ച് സംസാരിക്കുമ്പോൾ നീ സൂക്ഷിക്കണം; മറ്റെന്തിനെ കുറിച്ച് സംസാരിക്കുന്നതും പോലെയല്ല ഇത്. അവനോട് ആദരവും ബഹുമാനവും ഇല്ലാത്ത ഒരു വാക്കോ പ്രവൃത്തിയോ നിന്നിൽ നിന്നുണ്ടാകരുത്.

ഒരിക്കൽ നബി -ﷺ- മൂത്രമൊഴിച്ചു കൊണ്ടിരിക്കെ പരിസരത്ത് കൂടെ നടന്നു പോയ ഒരു സ്വഹാബി അവിടുത്തോട് സലാം പറഞ്ഞു. അവിടുന്ന് സലാം മടക്കിയില്ല. വുദുവെടുത്ത ശേഷം അദ്ദേഹത്തിന്റെ അടുക്കൽ വന്ന് നബി -ﷺ- ഒഴിവുകഴിവു പറഞ്ഞു:

«إِنِّي كَرِهْتُ أَنْ أَذْكُرَ اللَّهَ عَزَّ وَجَلَّ إِلاَّ عَلَى طُهْرٍ»

"ശുദ്ധിയില്ലാതെ അല്ലാഹുവിനെ സ്മരിക്കാൻ എനിക്ക് പ്രയാസമുള്ളതു കൊണ്ടാണ്." (അബൂദാവൂദ്: 17)

അല്ലാഹുവിനോടുള്ള ആദരവിന്റെ ഭാഗമാണ് നബി -ﷺ- യുടെ ഈ പ്രവൃത്തി. ഇതിന് സമാനമായ സംഭവങ്ങൾ വേറെയും കാണാം. അല്ലാഹുവിനെ ആദരിക്കുന്നതിന്റെ ഭാഗം തന്നെയാണ് അല്ലാഹുവുമായി ബന്ധപ്പെട്ട എന്തൊരു കാര്യത്തെയും ബഹുമാനിക്കൽ.

അല്ലാഹ്ഹുവിന്റെ ഖുർആനിനെ ബഹുമാനിക്കണം; അത് അവന്റെ സംസാരമാണ്. അത് രേഖപ്പെടുത്തിയ മുസ്വ്ഹഫിനെ ബഹുമാനിക്കണം. നബി -ﷺ- യെ ബഹുമാനിക്കണം. അവിടുന്ന് അല്ലാഹുവിന്റെ ദൂതനാണ്. മസ്ജിദുകളെ ആദരിക്കണം; അത് അല്ലാഹുവിന്റെ ഭവനങ്ങളാണ്. മതവിധികളെ ബഹുമാനിക്കണം; അത് അല്ലാഹുവിന്റെ കൽപ്പനകളാണ്. ഇങ്ങനെ അല്ലാഹുവുമായി ബന്ധപ്പെട്ടവയെ എല്ലാം ആദരിക്കണം.

وَمَن يُعَظِّمْ شَعَائِرَ اللَّهِ فَإِنَّهَا مِن تَقْوَى الْقُلُوبِ ﴿٣٢﴾

"വല്ലവനും അല്ലാഹുവിന്റെ മതചിഹ്നങ്ങളെ ആദരിക്കുന്ന പക്ഷം തീർച്ചയായും അത് ഹൃദയങ്ങളിലെ ധർമ്മനിഷ്ഠയിൽ നിന്നുണ്ടാകുന്നതത്രെ." (ഹജ്ജ്: 32)

അല്ലാഹുവിനോടുള്ള ആദരവിന് കോട്ടം തട്ടിക്കുന്ന വാക്കുകളും പ്രവൃത്തികളും അവയുടെ തരവും ഗൗരവവുമനുസരിച്ച് ഇസ്ലാമിൽ നിന്ന് പുറത്ത് പോകാൻ വരെ കാരണമായി തീർന്നേക്കാം. ഉദാഹരണത്തിന് അല്ലാഹുവിനെയോ റസൂലിനെയോ പരിഹസിക്കുന്നത് ഇസ്ലാമിൽ നിന്ന് പുറത്ത് പോകാൻ കാരണമാകും. പരിഹാസം ആദരവിന്റെ ലക്ഷണമല്ല; മറിച്ച് അനാദരവിന്റെയും അവിശ്വാസത്തിന്റെയും അടയാളമാണ്.

നബി -ﷺ- യുടെ സ്വഹാബിമാരിൽ ചിലരെ പരിഹസിച്ചവരെ കുറിച്ച് അല്ലാഹു പറഞ്ഞതു നോക്കൂ:

وَلَئِن سَأَلْتَهُمْ لَيَقُولُنَّ إِنَّمَا كُنَّا نَخُوضُ وَنَلْعَبُ ۚ قُلْ أَبِاللَّهِ وَآيَاتِهِ وَرَسُولِهِ كُنتُمْ تَسْتَهْزِئُونَ ﴿٦٥﴾ لَا تَعْتَذِرُوا قَدْ كَفَرْتُم بَعْدَ إِيمَانِكُمْ ۚ

"നീ അവരോട് (അതിനെപ്പറ്റി) ചോദിച്ചാൽ അവർ പറയും: ഞങ്ങൾ തമാശ പറഞ്ഞു കളിക്കുക മാത്രമായിരുന്നു. പറയുക: അല്ലാഹുവെയും അവന്റെ ദൃഷ്ടാന്തങ്ങളെയും അവന്റെ ദൂതനെയുമാണോ നിങ്ങൾ പരിഹസിച്ചു കൊണ്ടിരിക്കുന്നത്? നിങ്ങൾ ഒഴികഴിവുകളൊന്നും പറയേണ്ട. വിശ്വസിച്ചതിന് ശേഷം നിങ്ങൾ അവിശ്വസിച്ചു കഴിഞ്ഞിരിക്കുന്നു." (തൗബ: 65-66)

**നാല്: ശിർകിൽ നിന്നും അതിന്റെ വക്താക്കളിൽ നിന്നും ബന്ധവിഛേദനം നടത്തൽ. (الْبَرَاءَةُ مِنَ الشِّرْكِ وَأَهْلِهِ)**

'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് ഉച്ചരിച്ചതോടെ അവൻ മുസ്ലിമായിരിക്കുന്നു. ഇനി അവൻ മുസ്ലിമീങ്ങളിൽ പെട്ടവനാണ്. അവരെല്ലാം അവന്റെ സഹോദരങ്ങൾ. ഇസ്ലാം സ്വീകരിച്ചിട്ടില്ലാത്ത അവന്റെ കുടുംബാംഗങ്ങളെക്കാൾ അവന് അടുപ്പവും പ്രിയവുമുള്ളവർ. അവർക്ക് സന്തോഷമുണ്ടാക്കുന്നതെല്ലാം അവന് സന്തോഷം തന്നെ. അവർക്ക് വേദനയുണ്ടാക്കുന്നതെല്ലാം അവനും വേദന തന്നെ.

عَنْ أَبِي مُوسَى، عَنِ النَّبِيِّ -ﷺ- قَالَ: «**إِنَّ الْمُؤْمِنَ لِلْمُؤْمِنِ كَالْبُنْيَانِ يَشُدُّ بَعْضُهُ بَعْضًا**» وَشَبَّكَ أَصَابِعَهُ.

നബി -ﷺ- പറഞ്ഞതു പോലെ: "ഒരു മുസ്ലിം മറ്റൊരു മുസ്ലിമിനെ സംബന്ധിച്ചിടത്തോളം ഒരു കെട്ടിടം പോലെയാണ്. അത് പരസ്പരം ശക്തി പകരുന്നതായിരിക്കും." അവിടുന്ന് തന്റെ കൈവിരലുകൾ കൂട്ടിപ്പിണച്ചു പിടിച്ചു. (ബുഖാരി: 481, മുസ്ലിം: 2585)

عَنِ النُّعْمَانِ بْنِ بَشِيرٍ، قَالَ: قَالَ رَسُولُ اللهِ -ﷺ-: «**مَثَلُ الْمُؤْمِنِينَ فِي تَوَادِّهِمْ، وَتَرَاحُمِهِمْ، وَتَعَاطُفِهِمْ مَثَلُ الْجَسَدِ إِذَا اشْتَكَى مِنْهُ عُضْوٌ تَدَاعَى لَهُ سَائِرُ الْجَسَدِ بِالسَّهَرِ وَالْحُمَّى**»

അവിടുന്ന് പറഞ്ഞു: "മുഅ്മിനീങ്ങൾ പരസ്പരമുള്ള സ്നേഹത്തിലും കാരുണ്യത്തിലും ഇഷ്ടത്തിലുമെല്ലാം ഒരു ശരീരം പോലെയാണ്. അതിലൊരു അവയവത്തിന് രോഗമായാൽ ശരീരം മുഴുവൻ പനിച്ചും ഉറക്കമൊഴിച്ചും അതിൽ പങ്കു ചേരും." (മുസ്ലിം: 2586)

ശഹാദത് കലിമ ഉച്ചരിച്ചു കഴിഞ്ഞാൽ മുസ്ലിമീങ്ങൾ പരസ്പരം ഉണ്ടാകുന്ന ബന്ധം ഇതാണെങ്കിൽ, ഇസ്ലാമിന്റെ അടിസ്ഥാന വിശ്വാസത്തിനെതിരായ ബഹുദൈവാരാധനയിൽ ഏർപ്പെട്ടവരോടും, അതിനെതിരെ നിലകൊള്ളുന്നവരോടും അവന് വിദ്വേഷവും അകൽച്ചയും വിരോധവുമുണ്ടായിരിക്കും. കാരണം അവൻ ഈ സാക്ഷ്യവചനം ഉച്ചരിച്ചത് ലോകത്തിലേറ്റവും വലിയ സത്യം അതാണെന്ന ഉറപ്പോടു കൂടിയാണ്. അതിനെതിരാകുന്നതെല്ലാം അവനും അവന്റെ വിശ്വാസത്തിനും എതിരാണ്. അതിനോട് അകൽച്ചയും വിദ്വേഷവും കേവലം സ്വാഭാവികമായ മാനസിക പ്രക്രിയ മാത്രവും.

അല്ലാഹു പറഞ്ഞു:

قَدْ كَانَتْ لَكُمْ أُسْوَةٌ حَسَنَةٌ فِي إِبْرَاهِيمَ وَالَّذِينَ مَعَهُ إِذْ قَالُوا لِقَوْمِهِمْ إِنَّا بُرَآءُ مِنكُمْ وَمِمَّا تَعْبُدُونَ مِن دُونِ اللَّهِ كَفَرْنَا بِكُمْ وَبَدَا بَيْنَنَا وَبَيْنَكُمُ الْعَدَاوَةُ وَالْبَغْضَاءُ أَبَدًا حَتَّىٰ تُؤْمِنُوا بِاللَّهِ وَحْدَهُ

"നിങ്ങൾക്ക് ഇബ്രാഹീമിലും അദ്ദേഹത്തിന്റെ കൂടെയുള്ളവരിലും ഉത്തമമായ ഒരു മാതൃക ഉണ്ടായിട്ടുണ്ട്. അവർ തങ്ങളുടെ ജനതയോട് ഇപ്രകാരം പറഞ്ഞ സന്ദർഭം: നിങ്ങളുമായും അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നവയുമായുള്ള ബന്ധത്തിൽ നിന്ന് തീർച്ചയായും ഞങ്ങൾ ഒഴിവായവരാകുന്നു. നിങ്ങളിൽ ഞങ്ങൾ അവിശ്വസിച്ചിരിക്കുന്നു. നിങ്ങൾ അല്ലാഹുവിൽ മാത്രം വിശ്വസിക്കുന്നത് വരെ എന്നെന്നേക്കുമായി ഞങ്ങളും നിങ്ങളും തമ്മിൽ ശത്രുതയും വിദ്വേഷവും പ്രകടമാവുകയും ചെയ്തിരിക്കുന്നു." (മുംതഹനഃ: 5)

നബി -ﷺ- യുടെ സ്വഹാബികളെ കുറിച്ച് അല്ലാഹു പറഞ്ഞത് നോക്കൂ:

مُّحَمَّدٌ رَّسُولُ ٱللَّهِ وَٱلَّذِينَ مَعَهُۥٓ أَشِدَّآءُ عَلَى ٱلْكُفَّارِ رُحَمَآءُ بَيْنَهُمْ

"മുഹമ്മദ് അല്ലാഹുവിന്റെ റസൂലാകുന്നു. അദ്ദേഹത്തോടൊപ്പമുള്ളവർ സത്യനിഷേധികളുടെ നേരെ കർക്കശമായി വർത്തിക്കുന്നവരാകുന്നു. അവർ അന്യോന്യം ദയാലുക്കളുമാകുന്നു." (ഫത്ഹ്: 29)

മേൽ പറഞ്ഞ നാല് കാര്യങ്ങൾ ശഹാദത് കലിമ സ്ഥിരീകരിച്ച ഓരോ മുസ്ലിമിലും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതുണ്ട്. അവയിൽ വിട്ടുവീഴ്ച്ച ചെയ്യുക എന്നതോ, നിരാകരിക്കുക എന്നതോ ഒരു മുസ്ലിമിൽ സംഭവിക്കാൻ പാടില്ല. അല്ലാഹു നാമേവരെയും അവന്റെ ദീനിൽ ഉറപ്പിച്ചു നിർത്തുമാറാകട്ടെ!

## ലാ ഇലാഹ ഇല്ലല്ലാഹ്; നിബന്ധനകൾ

വാക്കുകളിൽ ഏറ്റവും മഹത്തരമാണ് 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന വാക്ക്. മഹത്തരമായ ആശയങ്ങളുടെ പ്രപഞ്ചം ഈ വാക്ക് ഉൾക്കൊള്ളുന്നു. അങ്ങേയറ്റം സൗന്ദര്യമാർന്ന ഒരു ലക്ഷ്യത്തിലേക്കാണ് അത് ക്ഷണിക്കുന്നത്. ഏതൊരു മനുഷ്യനെയും അടിമുടി മാറ്റിമറിക്കുന്ന സ്വാധീനവും ശക്തിയും ഈ വാക്കിനും അതിന്റെ അർത്ഥത്തിനുണ്ട്. ഇങ്ങനെയെല്ലാം പ്രാധാന്യവും ശ്രേഷ്ഠതയുമുള്ള ഒരു വാക്ക് വിശ്വാസ-ആചാരാനുഷ്ഠാനങ്ങളിലൊന്നും ഒരു മാറ്റവുമുണ്ടാക്കാതെ കേവലം നാവിൽ മാത്രം ഒതുങ്ങേണ്ടതായിരിക്കുമോ? ഒരിക്കലുമല്ല!

'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന വാക്ക് അനേകം മാറ്റങ്ങളുടെ തുടക്കമാണ്. ഒരു മാറ്റവും സംഭവിക്കാതെ -കേവലം വാക്കു മാത്രമായി- അത് നിലകൊള്ളുന്നുവെങ്കിൽ ശഹാദതിന് അവന്റെ ജീവിതത്തിൽ ഒരു അർഥവുമില്ലാതായി മാറും. അതല്ല അല്ലാഹു നിന്നിൽ നിന്നാഗ്രഹിക്കുന്നത്.

കേവലം ശഹാദത് കലിമ പുറമേക്ക് ശബ്ദത്തിൽ ഉച്ചരിച്ചു കൊണ്ട് മാത്രം ആരെങ്കിലും രക്ഷപ്പെടുമായിരുന്നെങ്കിൽ നബി ﷺ -യോടൊപ്പം ജീവിച്ച, മുനാഫിഖുകൾ (കപടവിശ്വാസികൾ) സ്വർഗത്തിൽ പ്രവേശിക്കണമായിരുന്നു. എന്നാൽ നിനക്കറിയാം! അവർ നരകത്തിന്റെ അടിത്തട്ടിലേക്കാണ് നാളെ വലിച്ചെറിയപ്പെടുക.

അപ്പോൾ 'ലാ ഇലാഹ ഇല്ലല്ലാഹ്' കൊണ്ട് ദുനിയാവിലും പരലോകത്തും ഉപകാരമുണ്ടാകണമെങ്കിൽ തീർച്ചയായും പാ

ലിച്ചിരിക്കേണ്ട ചില ബാധ്യതകളുണ്ട്. ശഹാദത് കലിമയുടെ ശർത്വുകൾ (നിബന്ധനകൾ) എന്ന് നമുക്കവയെ വിളിക്കാം. വിശുദ്ധ ഖുർആനിൽ നിന്നും തിരുസുന്നത്തിൽ നിന്നും പണ്ഡിതന്മാർ സ്വാംശീകരിച്ചെടുത്തവയാണ് അവ. ശരിയായ ഇസ്ലാം നമുക്കെത്തിച്ചു തന്ന മുൻഗാമികളുടെ വാക്കുകളിൽ അതിലേക്കുള്ള സൂചനകൾ ധാരാളം കാണാൻ കഴിയും.

وَقِيلَ لِوَهْبِ بْنِ مُنَبِّهٍ: أَلَيْسَ لاَ إِلَهَ إِلَّا اللَّهُ مِفْتَاحُ الجَنَّةِ؟ قَالَ: «بَلَى، وَلَكِنْ لَيْسَ مِفْتَاحٌ إِلَّا لَهُ أَسْنَانٌ، فَإِنْ جِئْتَ بِمِفْتَاحٍ لَهُ أَسْنَانٌ فُتِحَ لَكَ، وَإِلَّا لَمْ يُفْتَحْ لَكَ»

താബിഇൗങ്ങളിൽ പെട്ട വഹബ് ബ്നു മുനബ്ബിഹ് -رَحِمَهُ اللَّهُ- യോട് ചിലർ ചോദിച്ചു: "'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന വാക്ക് സ്വർഗത്തിന്റെ താക്കോലല്ലേ?!" അദ്ദേഹം പറഞ്ഞു: "അതെ! എന്നാൽ ഏതൊരു താക്കോലിനും അതിന്റേതായ പല്ലുകളുണ്ട്. പല്ലുകളുള്ള താക്കോലുമായാണ് നീ വാതിൽക്കൽ ചെല്ലുന്നതെങ്കിൽ അത് നിനക്കായി തുറക്കപ്പെടും. ഇല്ലെങ്കിൽ തുറക്കപ്പെടുകയുമില്ല." (ബുഖാരി: 1237 ഹദീഥിന് മുൻപ്)

സ്വഹാബികളുടെ ശിഷ്യനായിരുന്ന ഹസനുൽ ബസ്വ്‌രി -رَحِمَهُ اللَّهُ- യോട് ചിലർ ചോദിച്ചു: "ജനങ്ങളിൽ ചിലർ പറയുന്നു: ആരെങ്കിലും ലാ ഇലാഹ ഇല്ലല്ലാഹ് പറഞ്ഞാൽ അവൻ സ്വർഗത്തിൽ പ്രവേശിക്കും?!" അദ്ദേഹം പറഞ്ഞു: "അതെ! ആരെങ്കിലും ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് പറയുകയും, അതിന്റെ അവകാശവും നിർബന്ധബാധ്യതകളും നിറവേറ്റുകയും ചെയ്താൽ അവൻ

സ്വർഗത്തിൽ പ്രവേശിക്കും." (ശർഹുന്നവവി: 1/219)

ലാ ഇലാഹ ഇല്ലല്ലാഹ് അല്ലാഹുവിങ്കൽ സ്വീകാര്യമാകണമെങ്കിൽ അതിനോടൊപ്പം നിർബന്ധമായും ഉണ്ടാകേണ്ട നിബന്ധനകൾ ജീവിതത്തിൽ പാലിക്കുക കൂടി വേണം. ഏഴോളം നിബന്ധനകൾ ശഹാദത് കലിമക്കുള്ളതായി ചില പണ്ഡിതന്മാർ ഓർമ്മപ്പെടുത്തിയിട്ടുണ്ട്. അവ തെളിവുകളോടൊപ്പം ചുരുങ്ങിയ രൂപത്തിൽ ഇവിടെ വിശദീകരിക്കാം.

**ഒന്ന്: അറിവ് (العِلْمُ).**

ലാ ഇലാഹ ഇല്ലല്ലാഹ് ചൊല്ലുന്നവൻ അതിനെ കുറിച്ച് അറിവുള്ളവനായിരിക്കണം. അതിന്റെ അർഥവും ആശയവും മറ്റുമെല്ലാം അവൻ മനസ്സിലാക്കിയിരിക്കണം. ശഹാദത് കലിമയുടെ വിജ്ഞാന സാഗരത്തിന്റെ വിശാലത മുൻപുള്ള ലേഖനങ്ങളിൽ നാം സൂചിപ്പിച്ചിട്ടുമുണ്ട്. അവയിൽ നിർബന്ധമായും അറിഞ്ഞിരിക്കേണ്ടവ പഠിച്ചിട്ടില്ലെങ്കിൽ അല്ലാഹു അവനിൽ നിന്ന് ഈ വാക്ക് സ്വീകരിക്കുകയില്ല. കാരണം എന്താണ് ഈ വാക്കിന്റെ അർഥം എന്ന് അവന് അറിയില്ലെങ്കിൽ സ്വാഭാവികമായും അവന് അതനുസരിച്ച് പ്രവർത്തിക്കാനും കഴിയില്ല.

فَاعْلَمْ أَنَّهُ لَا إِلَٰهَ إِلَّا اللَّهُ

"അതിനാൽ നീ 'ലാ ഇലാഹ ഇല്ലല്ലാഹ്' (അല്ലാഹു അല്ലാതെ ആരാധനക്ക് അർഹനായി മറ്റാരും ഇല്ല) എന്നത് അറിയുക." (മുഹമ്മദ്: 19)

അല്ലാഹു ഒരു കാര്യം കൽപ്പിച്ചാൽ അത് നിർബന്ധമാണ്. ഇവിടെ 'ശഹാദത് കലിമ' പഠിക്കുവാൻ അല്ലാഹു നമ്മോട് കൽപ്പിക്കുന്നു. അത് പാലിക്കാതെയാണ് ഒരാൾ ഈ വാക്ക് ഉച്ചരിച്ചതെങ്കിൽ അതു കൊണ്ട് അവന് യാതൊരു ഉപകാരവുമില്ല. നബി -ﷺ- അക്കാര്യം അവിടുത്തെ ഹദീഥുകളിൽ സൂചിപ്പിച്ചിട്ടുമുണ്ട്.

عَنْ عُثْمَانَ، قَالَ: قَالَ رَسُولُ اللَّهِ -ﷺ-: «**مَنْ مَاتَ وَهُوَ يَعْلَمُ أَنَّهُ لَا إِلَهَ إِلَّا اللهُ، دَخَلَ الْجَنَّةَ**»

"ആരെങ്കിലും 'ലാ ഇലാഹ ഇല്ലല്ലാഹ്' അറിയുന്നവനായിരിക്കെ മരണപ്പെട്ടാൽ അവൻ സ്വർഗത്തിൽ പ്രവേശിച്ചു." (മുസ്ലിം: 43)

നോക്കൂ! സ്വർഗപ്രവേശനത്തിന് നബി -ﷺ- ഈ ഹദീഥിൽ വെച്ച നിബന്ധന 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന വാക്ക് അറിഞ്ഞു കൊണ്ട് മരിക്കാൻ കഴിയുക എന്നതാണ്. അപ്പോൾ ആരെങ്കിലും ഈ നിബന്ധന പാലിക്കാതെയും പൂർത്തീകരിക്കാതെയും -ശഹാദതിനെ കുറിച്ചുള്ള അറിവില്ലായ്മയിൽ ആയിക്കൊണ്ടാണ്- ആണ് മരിക്കുന്നതെങ്കിൽ അവൻ സ്വർഗത്തിൽ പ്രവേശിക്കില്ലെന്നു കൂടി ഈ ഹദീഥിൽ നിന്ന് മനസ്സിലാക്കാം.

## രണ്ട്: ദൃഢവിശ്വാസം (اليَقِينُ)

'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന സാക്ഷ്യവചനം ഏറ്റുപറഞ്ഞ ഓരോ വ്യക്തിക്കും അയാൾ പറഞ്ഞ കാര്യത്തിൽ ചാഞ്ചാട്ടമില്ലാത്ത ഉറപ്പും ദൃഢതയും വേണം. സംശയത്തിൽ

ആടിക്കളിക്കുന്നതും വേരുകൾക്ക് ഉറപ്പില്ലാത്തതുമാണ് അവന്റെ വിശ്വാസമെങ്കിൽ അത് കൊണ്ട് യാതൊരു ഉപകാരവുമില്ല. ഇസ്ലാം പുറമേക്ക് സ്വീകരിച്ച പല മുനാഫിഖുകളുടെയും മനസ്സിനുള്ളിലെ അവസ്ഥ ഇതായിരുന്നു. അവർക്ക് തങ്ങൾ ഏറ്റുപറഞ്ഞിരിക്കുന്ന ഈ ശഹാദത് സത്യമാണോ എന്നതിൽ ഉറപ്പില്ലായിരുന്നു.

إِنَّمَا يَسْتَأْذِنُكَ الَّذِينَ لَا يُؤْمِنُونَ بِاللَّهِ وَالْيَوْمِ الْآخِرِ وَارْتَابَتْ قُلُوبُهُمْ فَهُمْ فِي رَيْبِهِمْ يَتَرَدَّدُونَ ﴿٤٥﴾

"അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കാതിരിക്കുകയും, മനസ്സുകളിൽ സംശയം കുടികൊള്ളുകയും ചെയ്യുന്നവർ മാത്രമാണ് നിന്നോട് അനുവാദം ചോദിക്കുന്നത്. കാരണം അവർ അവരുടെ സംശയത്തിൽ ആടിക്കളിച്ച് കൊണ്ടിരിക്കുകയാണ്." (തൗബ: 45)

എന്നാൽ അല്ലാഹുവിൽ ശരിയാംവണ്ണം വിശ്വസിച്ച മുഅ്മിനീങ്ങളുടെ അവസ്ഥ ഇപ്രകാരമല്ല. അവരുടെ വിശ്വാസം അടിയുറച്ചതും മനസ്സിൽ ആഴത്തിൽ പതിഞ്ഞിറങ്ങിയതുമാണ്.

إِنَّمَا الْمُؤْمِنُونَ الَّذِينَ آمَنُوا بِاللَّهِ وَرَسُولِهِ ثُمَّ لَمْ يَرْتَابُوا

"അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിക്കുകയും, ശേഷം സംശയിക്കാതിരിക്കുകയും ... ചെയ്തവരാണ് യഥാർഥ മുഅ്മിനീങ്ങൾ (ഇസ്ലാമിൽ വിശ്വസിച്ചവർ)." (ഹുജുറാത്: 15)

عَنْ أَبِي هُرَيْرَةَ، قَالَ:قَالَ رَسُولُ اللَّهِ -ﷺ-: «فَمَنْ لَقِيتَ مِنْ وَرَاءِ هَذَا الْحَائِطِ

يَشْهَدُ أَنْ لَا إِلَهَ إِلَّا اللهُ مُسْتَيْقِنًا بِهَا قَلْبُهُ، فَبَشِّرْهُ بِالْجَنَّةِ»

നബി -ﷺ- പറഞ്ഞു: "ഹൃദയത്തിൽ ദൃഢതയോടെ ലാ ഇലാഹ ഇല്ലല്ലാഹ് സാക്ഷ്യം വഹിക്കുന്നതായി ആരെയെങ്കിലും നീ കണ്ടാൽ അവന് നീ സ്വർഗം സന്തോഷവാർത്ത അറിയിക്കുക." (മുസ്ലിം: 52)

عَنْ أَبِي هُرَيْرَةَ، قَالَ:قَالَ رَسُولُ اللَّهِ -ﷺ-: «أَشْهَدُ أَنْ لَا إِلَهَ إِلَّا اللَّهُ، وَأَنِّي رَسُولُ اللَّهِ، لَا يَلْقَى اللَّهَ بِهِمَا عَبْدٌ غَيْرَ شَاكٍّ فِيهِمَا، إِلَّا دَخَلَ الْجَنَّةَ»

നബി -ﷺ- പറഞ്ഞു: "'ലാ ഇലാഹ ഇല്ലല്ലാഹ്, മുഹമ്മദുൻ റസൂലുല്ലാഹ്' എന്ന രണ്ട് സാക്ഷ്യവചനങ്ങളിൽ ഒരു സംശയവുമില്ലാതെ അല്ലാഹുവിനെ കണ്ടു മുട്ടുന്ന ഏതൊരാളും സ്വർഗത്തിൽ പ്രവേശിക്കാതിരിക്കില്ല." (മുസ്ലിം: 44)

മേൽ വായിച്ച ഹദീഥുകളിൽ നിന്ന് ഇസ്ലാമിന്റെ അടിസ്ഥാനങ്ങളിൽ ഓരോ മുസ്ലിമിനും ഉണ്ടായിരിക്കേണ്ട ഉറച്ച വിശ്വാസവും ദൃഢതയും എത്രത്തോളമാണെന്ന് ബോധ്യപ്പെടും. ആരെങ്കിലും അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടാൻ മറ്റാർക്കെങ്കിലും അർഹതയുണ്ടെന്നോ, അല്ലാഹുവല്ലാത്തവരെ ആരാധിക്കുന്നത് അത്ര വലിയ ഗുരുതരമായ തെറ്റാണോ എന്നോ ഒക്കെ സംശയിച്ചാൽ അവൻ ശഹാദത് കലിമ ഉച്ചരിക്കാത്തവനെ പോലെയാണ്. അപ്പോൾ ലാ ഇലാഹ ഇല്ലല്ലാഹ് ഉച്ചരിച്ചതിന് ശേഷം ഈ പറഞ്ഞതെല്ലാം പ്രവർത്തിക്കുകയും, അല്ലാഹുവല്ലാത്തവരെ വിളിച്ചു പ്രാർഥിക്കുകയും മറ്റും ചെയ്യുന്നവന്റെ അവസ്ഥ എന്തായിരിക്കും?

## മൂന്ന്: സ്വീകരിക്കൽ (الْقَبُولُ)

ലാ ഇലാഹ ഇല്ലല്ലാഹ് എന്ന വാക്ക് ഉൾക്കൊള്ളുന്ന ആശയങ്ങളെയും അന്തസത്തയെയും മനസ്സും നാവും കൊണ്ട് ഏറ്റുവാങ്ങുകയും സ്വീകരിക്കുകയും ചെയ്യണം. അതിന് അവൻ തന്റെ ഹൃദയത്തെ പാകപ്പെടുത്തുകയും, നനവും മാർദ്ദവവുമുള്ളതാക്കി അതിനെ പരുവപ്പെടുത്തുകയും വേണം. എന്നാൽ ആരെങ്കിലും ഈ വാക്ക് ഉൾക്കൊള്ളുന്ന ആശയങ്ങളെ തള്ളുകയും, അവയെ മനസ്സ് കൊണ്ട് പുറത്തു നിർത്തുകയുമാണ് ചെയ്യുന്നതെങ്കിൽ ഈ വാക്ക് കൊണ്ട് അവന് യാതൊരു ഉപകാരവുമില്ല. മനോഹരമായ ഒരു ഉപമയിലൂടെ നബി -ﷺ- അക്കാര്യം നമുക്ക് വിശദീകരിച്ചു തന്നിട്ടുണ്ട്.

عَنْ أَبِي مُوسَى، عَنِ النَّبِيِّ -ﷺ- قَالَ: «إِنَّ مَثَلَ مَا بَعَثَنِيَ اللَّهُ بِهِ عَزَّ وَجَلَّ مِنَ الْهُدَى، وَالْعِلْمِ كَمَثَلِ غَيْثٍ أَصَابَ أَرْضًا، فَكَانَتْ مِنْهَا طَائِفَةٌ طَيِّبَةٌ، قَبِلَتِ الْمَاءَ فَأَنْبَتَتِ الْكَلَأَ وَالْعُشْبَ الْكَثِيرَ ... فَذَلِكَ مَثَلُ مَنْ فَقُهَ فِي دِينِ اللَّهِ، وَنَفَعَهُ بِمَا بَعَثَنِيَ اللَّهُ بِهِ، فَعَلِمَ وَعَلَّمَ»

അവിടുന്ന് പറഞ്ഞു: "സന്മാർഗവും വിജ്ഞാനവുമായി അല്ലാഹു എന്നെ അയച്ചതിന്റെ ഉപമ ഒരു സമൃദ്ധമായ മഴയുടെ ഉപമയാണ്. അത് ഭൂമിയിൽ പതിച്ചു. അവിടെ നല്ല മണ്ണുള്ള പ്രദേശങ്ങളുണ്ട്. അത് വെള്ളം വലിച്ചെടുക്കുകയും, ധാരാളം സസ്യലതാദികൾ മുളപ്പിക്കുകയും ചെയ്തു... അല്ലാഹുവിന്റെ മതത്തിൽ അവഗാഹം നേടുകയും, അത് ഉപകാരപ്പെടുകയും, അങ്ങനെ ദീൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തവന്റെ ഉപമയാണത്." (ബുഖാരി: 79, മുസ്ലിം: 2282)

ഈ പറഞ്ഞത് ഒരു വിശ്വാസിയുടെ ഉപമയാണ്. അവൻ ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് ഉച്ചരിക്കുന്നതോടൊപ്പം അത് ഉൾക്കൊള്ളുന്ന ആശയത്തെ സ്വീകരിക്കാൻ തന്റെ ഹൃദയം പരുവപ്പെടുത്തുകയും തയ്യാറാക്കി നിർത്തുകയും ചെയ്തിട്ടുണ്ട്. ഈ കലിമതിന്റെ സ്വാധീനങ്ങൾ സസ്യലതാദികൾ മുളച്ചു പൊങ്ങുന്നത് പോലെ അവന്റെ ശരീരത്തിൽ നിന്ന് വാക്കുകളും പ്രവർത്തനങ്ങളുമായി പുറത്തു വന്നിട്ടുണ്ട്.

എന്നാൽ എത്രയെത്ര പേരാണ് ഈ വചനം അറിയുകയും, മനസ്സിലാക്കുകയും, അതുൾക്കൊള്ളുന്ന ആദർശം സത്യമാണെന്ന ദൃഢബോധ്യം വരുകയും ചെയ്തതിന് ശേഷം അത് സ്വീകരിക്കാതിരിക്കുന്നത്?! ഈ ആദർശത്തെ തള്ളിക്കളയുകയും തീർത്തും അകറ്റിനിർത്തുകയും ചെയ്യുന്നത്. നബി -ﷺ- അവരുടെ അവസ്ഥയും പ്രസ്തുത ഹദീഥിൽ തന്നെ ഉപമയോടെ വിശദീകരിച്ചിട്ടുണ്ട്.

عَنْ أَبِي مُوسَى، عَنِ النَّبِيِّ -ﷺ- قَالَ: « ... وَأَصَابَ طَائِفَةً مِنْهَا أُخْرَى، إِنَّمَا هِيَ قِيعَانٌ لَا تُمْسِكُ مَاءً، وَلَا تُنْبِتُ كَلَأً، فَذَلِكَ مَثَلُ مَنْ ... لَمْ يَقْبَلْ هُدَى اللَّهِ الَّذِي أُرْسِلْتُ بِهِ»

അവിടുന്ന് പറഞ്ഞു: "(ആ മഴ) ഭൂമിയിൽ മറ്റൊരിടത്ത് പതിച്ചു. അതാകട്ടെ; മിനുസമായ പ്രതലമുള്ള, വെള്ളം പിടിച്ചു നിർത്തുകയോ, ചെടികൾ മുളക്കുകയോ ചെയ്യാത്തയിടമാണ്... അല്ലാഹുവിന്റെ സന്മാർഗം സ്വീകരിക്കാത്തവന്റെ ഉപമയാണിത്." (ബുഖാരി: 79, മുസ്ലിം: 2282)

അപ്പോൾ 'ലാ ഇലാഹ ഇല്ലല്ലാഹ്' പറഞ്ഞതു കൊണ്ടോ, അതിന്റെ ആശയങ്ങൾ സത്യമാണെന്ന ദൃഢബോധ്യം ഉ

ണ്ടായത് കൊണ്ടോ മാത്രമായില്ല. അതോടൊപ്പം അതിന്റെ ആശയവും അർഥവും മനസ്സിൽ സ്വീകരിക്കുകയും അതിന്റെ ഫലങ്ങൾ പുറത്തേക്ക് പ്രകടമാവുകയും വേണം.

**നാല്: കീഴൊതുങ്ങൽ (الانْقِيادُ)**

ശഹാദത് കലിമ ചൊല്ലിയ ഓരോ വ്യക്തിയും അല്ലാഹുവിന്റെ ദീനായ ഇസ്ലാമിന്റെ നിയമങ്ങൾക്ക് കീഴൊതുങ്ങുകയും, അതിന്റെ വിധികൾക്ക് താഴ്മ കൊടുക്കുകയും, അല്ലാഹുവിന് തന്നെ പൂർണ്ണമായി സമർപ്പിക്കുകയും വേണം. ആരെങ്കിലും ശഹാദത് ചൊല്ലിയ ശേഷവും അല്ലാഹുവിന്റെ ദീനിന്റെ നിയമങ്ങളെ ഉപേക്ഷിക്കുകയും തിരിഞ്ഞു നോക്കാതിരിക്കുകയും, അവ സ്വീകരിക്കാതെ അഹങ്കാരം നടിക്കുകയുമാണെങ്കിൽ പിന്നെന്തിനാണ് അവൻ ശഹാദത് ചൊല്ലിയിരിക്കുന്നത്?!

ശഹാദത് ചൊല്ലുന്നതോടെ ഏതൊരാളും മുസ്ലിമാകുകയാണ്; ഇസ്ലാം സ്വീകരിക്കുകയാണ്. ഇസ്ലാം എന്നാൽ ഒരാൾ സ്വന്തത്തെ അല്ലാഹുവിന് പൂർണ്ണമായി സമർപ്പിക്കലാണ്. അവന്റെ ജീവിതവും മരണവുമെല്ലാം അല്ലാഹുവിന്റെ മാർഗത്തിലാണ്.

قُلْ إِنَّ صَلَاتِي وَنُسُكِي وَمَحْيَايَ وَمَمَاتِي لِلَّهِ رَبِّ الْعَالَمِينَ ﴿١٦٢﴾ لَا شَرِيكَ لَهُ ۖ وَبِذَٰلِكَ أُمِرْتُ وَأَنَا أَوَّلُ الْمُسْلِمِينَ ﴿١٦٣﴾

"പറയുക: തീർച്ചയായും എന്റെ പ്രാർത്ഥനയും, എന്റെ ആരാധനാകർമ്മങ്ങളും, എന്റെ ജീവിതവും, എന്റെ മരണവും ലോകങ്ങളുടെ രക്ഷിതാവായ അല്ലാഹുവിനുള്ളതാകുന്നു.

അവന്ന് പങ്കുകാരേയില്ല. അപ്രകാരമാണ് ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നത്. മുസ്ലിമീങ്ങളിൽ ഞാൻ ഒന്നാമനാണ്." (അൻആം: 162-163)

وَمَنْ أَحْسَنُ دِينًا مِّمَّنْ أَسْلَمَ وَجْهَهُ لِلَّهِ وَهُوَ مُحْسِنٌ

"സൽകർമ്മങ്ങൾ ചെയ്യുന്നവനായി, അല്ലാഹുവിന് സ്വയം സമർപ്പിച്ചവനെക്കാൾ നല്ല മതമുള്ള മറ്റാരുണ്ട്?!" (നിസാഅ്: 125)

وَمَن يُسْلِمْ وَجْهَهُ إِلَى اللَّهِ وَهُوَ مُحْسِنٌ فَقَدِ اسْتَمْسَكَ بِالْعُرْوَةِ الْوُثْقَىٰ ۗ وَإِلَى اللَّهِ عَاقِبَةُ الْأُمُورِ ﴿٢٢﴾

"സൽകർമ്മങ്ങൾ ചെയ്യുന്നവനായി കൊണ്ട് ആരെങ്കിലും അല്ലാഹുവിന് സ്വന്തത്തെ സമർപ്പിച്ചാൽ, അവൻ തന്നെയാണ് 'ഉർവതുൽ വുസ്ഥാ'യിൽ (ബലമുള്ള പാശം) മുറുകെ പിടിച്ചിരിക്കുന്നത്." (ലുഖ്മാൻ: 22)

ഇവിടെ പറയപ്പെട്ട ബലമുള്ള പാശം കൊണ്ടുള്ള ഉദ്ദേശം 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന ശഹാദത് കലിമയാണെന്ന് ഇബ്നു അബ്ബാസ് -رَضِيَ اللَّهُ عَنْهُمَا- പോലെയുള്ളവർ പറഞ്ഞിട്ടുണ്ട്. അതിൽ നിന്ന് ലാ ഇലാഹ ഇല്ലല്ലാഹ് എന്ന വാക്കിൽ മുറുകെ പിടിക്കുന്ന ഒരാൾ സ്വന്തത്തെ ഹൃദയം കൊണ്ടും മറ്റു പ്രവർത്തനങ്ങൾ കൊണ്ടും അല്ലാഹുവിന് സമർപ്പിക്കുകയും, അവന്റെ എല്ലാ കൽപ്പനകൾക്കും കീഴൊതുങ്ങുകയും ചെയ്യേണ്ടവനാണ് എന്ന് മനസ്സിലാക്കാൻ കഴിയും.

## അഞ്ച്: സത്യസന്ധത (الصِّدْقُ)

ലാ ഇലാഹ ഇല്ലല്ലാഹ് എന്ന വാക്ക് ഉച്ചരിച്ച ചിലരെങ്കിലും അത് ഉച്ചരിച്ചിട്ടുള്ളത് സത്യസന്ധമായിട്ടല്ല. അവരിൽ ചിലർ ഭൗതികമായ ചില നേട്ടങ്ങൾക്ക് വേണ്ടിയോ, ആരുടെയെല്ലാമോ എതിർപ്പും ഉപദ്രവവും പേടിച്ചോ, ഒറ്റപ്പെട്ടു പോകുമോ എന്ന ഭയത്താലോ ഒക്കെയാണ് ഈ വാക്ക് ഉച്ചരിച്ചിരിക്കുന്നത്. അവന്റെ നാവ് ഉച്ചരിച്ച ഈ വാക്കിനെ അവന്റെ ഹൃദയം സത്യപ്പെടുത്തിയിട്ടില്ല.

സത്യസന്ധമായിട്ടായിരിക്കണം ഈ വാക്ക് ഉച്ചരിക്കുന്നത്. ഈ വാക്ക് സത്യമാണെന്ന ഉറച്ച ബോധ്യം അവന്റെ മനസ്സിൽ രൂഢമൂലമായിരിക്കണം. ഇതിന് എതിരാകുന്നതെല്ലാം -ആരെല്ലാം പറഞ്ഞാലും, എത്രയെല്ലാം പേർ പിന്തുണച്ചാലും- കളവാണെന്ന ഉറച്ച ബോധ്യമുണ്ടായിരിക്കണം.

عَنْ أَنَسِ بْنِ مَالِكٍ قَالَ: قَالَ رَسُولُ اللَّهِ -ﷺ-: «**مَا مِنْ أَحَدٍ يَشْهَدُ أَنْ لاَ إِلَهَ إِلَّا اللَّهُ وَأَنَّ مُحَمَّدًا رَسُولُ اللَّهِ، صِدْقًا مِنْ قَلْبِهِ، إِلَّا حَرَّمَهُ اللَّهُ عَلَى النَّارِ**»

നബി -ﷺ- യുടെ ഹദീഥിൽ ഈ നിബന്ധനയുടെ സൂചനകളുണ്ട്. അവിടുന്ന് പറഞ്ഞു: "ലാ ഇലാഹ ഇല്ലല്ലാഹ്, മുഹമ്മദുൻ റസൂലുല്ലാഹ്" എന്ന കാര്യം **ഹൃദയത്തിൽ നിന്ന് സത്യസന്ധമായി** ആരെങ്കിലും സാക്ഷ്യം വഹിക്കുന്നെങ്കിൽ അവന്റെ മേൽ അല്ലാഹു നരകം നിഷിദ്ധമാക്കാതിരിക്കില്ല." (ബുഖാരി: 128, മുസ്ലിം: 32)

ഒരിക്കൽ നജ്ദിന്റെ ഭാഗത്ത് നിന്ന് നബി -ﷺ- യെ കാണ

ന്നതിനായി ഒരാൾ വന്നു. ഇസ്ലാമിനെ കുറിച്ച് പലതും ചോദി ച്ചറിഞ്ഞു. ശഹാദത് കലിമ ചൊല്ലി, നിർബന്ധ കർമ്മങ്ങൾ ഒന്നും ഞാൻ ഒഴിവാക്കില്ലെന്ന തീരുമാനം അറിയിച്ചു കൊ ണ്ട് മടങ്ങുന്ന അയാളെ നോക്കി നബി -ﷺ- പറഞ്ഞു:

«أَفْلَحَ إِنْ صَدَقَ»

"സത്യസന്ധമായാണ് പറഞ്ഞതെങ്കിൽ അവൻ വിജയിച്ചി രിക്കുന്നു." (ബുഖാരി: 46, മുസ്ലിം: 11)

നോക്കൂ! വിജയിക്കണമെങ്കിൽ അയാൾ ഇപ്പോൾ സാ ക്ഷ്യം വഹിച്ച ശഹാദത് കലിമയിൽ അവന് സത്യസന്ധത യുണ്ടായിരിക്കണം. സത്യസന്ധമാണെങ്കിൽ, അവൻ പറ ഞ്ഞതു പോലെ പ്രവർത്തിച്ചാൽ അവന് വിജയമുണ്ട്. അതി ന്റെ നേർവിപരീതമെന്തായിരിക്കും?! അവൻ സത്യമല്ല പറ ഞ്ഞതെങ്കിൽ -കളവാണ് പറഞ്ഞതെങ്കിൽ- അവൻ വിജയി ക്കില്ല -മറിച്ച് പരാജയപ്പെടും-!

ശഹാദത് കലിമ ഉച്ചരിച്ചതു കൊണ്ട് പ്രയാസമനുഭവിച്ച എ ത്രയോ പേരുടെ ചരിത്രം നാം വായിച്ചിട്ടില്ലേ?! നബിമാരു ടെ, അവരുടെ അനുചരന്മാരുടെ; വേദന നിറഞ്ഞ കഥകൾ?! എന്തു കൊണ്ടാണ് അവർ പരീക്ഷിക്കപ്പെട്ടത്?! ഒരു പരീക്ഷ ണവുമില്ലാതെ -എല്ലാ സുഖങ്ങളോടും കൂടി- അവർക്ക് ഇവി ടെ ജീവിതമൊരുക്കാൻ അല്ലാഹു കഴിവുള്ളവനായിരുന്നി ല്ലേ?! അതിനുള്ള ഉത്തരം അല്ലാഹു തന്നെ പറഞ്ഞിരിക്കുന്നു.

الم ﴿١﴾ أَحَسِبَ النَّاسُ أَن يُتْرَكُوا أَن يَقُولُوا آمَنَّا وَهُمْ لَا يُفْتَنُونَ ﴿٢﴾ وَلَقَدْ فَتَنَّا

الَّذِينَ مِن قَبْلِهِمْ ۖ فَلَيَعْلَمَنَّ اللَّهُ الَّذِينَ صَدَقُوا وَلَيَعْلَمَنَّ الْكَاذِبِينَ ﴿٣﴾

"അലിഫ്-ലാം-മീം. ഞങ്ങൾ (ഇസ്ലാമിൽ) വിശ്വസിച്ചിരിക്കുന്നു എന്ന് പറയുന്നത് കൊണ്ട് മാത്രം തങ്ങൾ പരീക്ഷണത്തിന് വിധേയരാകാതെ വിട്ടേക്കപ്പെടുമെന്ന് മനുഷ്യർ വിചാരിച്ചിരിക്കയാണോ? അവരുടെ മുമ്പുണ്ടായിരുന്നവരെ നാം പരീക്ഷിച്ചിട്ടുണ്ട്. അപ്പോൾ സത്യം പറഞ്ഞവർ ആരെന്ന് അല്ലാഹു അറിയുക തന്നെ ചെയ്യും. കള്ളം പറയുന്നവരെയും അവനറിയും." (അൻകബൂത്: 1-3)

പരീക്ഷണങ്ങൾ സത്യസന്ധത തിരിച്ചറിയാനാണ്. സത്യസന്ധമല്ല സാക്ഷ്യവചനമെങ്കിൽ പരീക്ഷണങ്ങൾ അവനെ തളർത്തും. സംശയത്തിലാക്കും. രക്ഷപ്പെട്ടാൽ മതിയെന്നവൻ ചിന്തിച്ചു തുടങ്ങും. അവന്റെ ഉറപ്പും ദൃഢതയും ശഹാദതിന്റെ സത്യസന്ധ പോലിരിക്കും. അത്തരം പരീക്ഷണങ്ങളിൽ ഉറച്ചു നിൽക്കാൻ മാത്രം ശക്തമാണോ നമ്മുടെ ശഹാദത് എന്ന് ഓരോരുത്തരും സ്വയം ചോദിക്കുകയാണ് വേണ്ടത്.

### ആറ്: നിഷ്കളങ്കത (الاخْلَاصُ)

ഇഖ്ലാസിനെ (നിഷ്കളങ്കത) കുറിച്ച് ചിലതെല്ലാം മുൻപ് നാം പറഞ്ഞു കഴിഞ്ഞിട്ടുണ്ട്. കളങ്കമേതുമില്ലാതെ അല്ലാഹുവിന് വേണ്ടി മാത്രം പ്രവർത്തിക്കലാണ് ഇഖ്ലാസ്. അതാണ് ശഹാദത് കലിമയുടെ അർഥവും ആശയവും ലക്ഷ്യമാക്കുന്ന പ്രധാന വിഷയവും. ആരെങ്കിലും അല്ലാഹുവിന്റെ തൃപ്തിയോ അവന്റെ സ്വർഗത്തിൽ പ്രവേശിക്കണമെന്നതോ നരകത്തിൽ നിന്ന് രക്ഷപ്പെടണമെന്നതോ ആഗ്രഹിക്കാതെയാണ് ഈ

സാക്ഷ്യവചനം ഉച്ചരിക്കുന്നതെങ്കിൽ അതിൽ യാതൊരു കാര്യവുമില്ല.

عَنْ أَبِي هُرَيْرَةَ أَنَّهُ قَالَ: قَالَ رَسُولُ اللَّهِ -ﷺ-: «أَسْعَدُ النَّاسِ بِشَفَاعَتِي يَوْمَ الْقِيَامَةِ، مَنْ قَالَ لاَ إِلَهَ إِلَّا اللَّهُ، خَالِصًا مِنْ قَلْبِهِ، أَوْ نَفْسِهِ»

നബി -ﷺ- പറഞ്ഞു: "പരലോകത്ത് എന്റെ ശുപാർശ കൊണ്ട് ഏറ്റവും ഭാഗ്യം ലഭിക്കുക ഹൃദയത്തിൽ നിന്ന് നിഷ്കളങ്കമായി -ഇഖ്ലാസോടെ- ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് പറഞ്ഞവനായിരിക്കും." (ബുഖാരി: 99)

عَنْ عِتْبَانَ بْنِ مَالِكٍ، عَنِ النَّبِيِّ -ﷺ- أَنَّهُ قَالَ: «إِنَّ اللَّهَ حَرَّمَ عَلَى النَّارِ مَنْ قَالَ: لاَ إِلَهَ إِلَّا اللَّهُ، يَبْتَغِي بِذَلِكَ وَجْهَ اللَّهِ»

നബി -ﷺ- പറഞ്ഞു: "അല്ലാഹുവിന്റെ തിരുവദനം ഉദ്ദേശിച്ചു കൊണ്ട് മാത്രം ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് പറഞ്ഞവന്റെ മേൽ അല്ലാഹു നരകം നിഷിദ്ധമാക്കിയിരിക്കുന്നു." (ബുഖാരി: 425, മുസ്ലിം: 33)

ഈ ഹദീഥുകളിലെല്ലാം അല്ലാഹുവിന് വേണ്ടി മാത്രമായി -നിഷ്കളങ്കമായ മനസ്സും സ്വർഗപ്രതീക്ഷയുമായി- ശഹാദത് കലിമ ഉച്ചരിച്ചവർക്ക് മാത്രമാണ് നബി -ﷺ- പരലോകരക്ഷ വാഗ്ദാനം ചെയ്തത്. അല്ലാത്തവർ അതിനർഹരാവുകയില്ല എന്ന് ഈ ഹദീഥുകളുടെ വിപരീതാർത്ഥത്തെ കുറിച്ച് ചിന്തിച്ചാൽ മനസ്സിലാക്കാൻ കഴിയും. അല്ലാഹു നമുക്കെല്ലാം ഇഖ്ലാസ് പ്രദാനം ചെയ്യുമാറാകട്ടെ.

## ഏഴ്: സ്നേഹം (الْمَحَبَّةُ)

ശഹാദത് കലിമയുടെ അവസാന നിബന്ധനയാണിത്. ഇസ്ലാമിൽ പ്രവേശിക്കുന്ന ഏതൊരാളും ലാ ഇലാഹ ഇല്ലല്ലാഹ് എന്ന ഈ സാക്ഷ്യവചനത്തെ സ്നേഹിക്കണം. ഏതൊരു അല്ലാഹുവിന്റെ ഏകത്വമാണോ ഈ വാക്ക് ഉദ്ഘോഷിക്കുന്നത് അവനെ എല്ലാത്തിനുമപ്പുറം സ്നേഹിക്കണം. അവൻ അയച്ച നബിയെ -അല്ല! നബിമാരെയെല്ലാം- സ്നേഹിക്കണം. ഈ വാക്ക് ഉച്ചരിച്ച മറ്റു മനുഷ്യരെയെല്ലാം ഇഷ്ടപ്പെടണം. ഈ വാക്ക് വിജയിക്കുന്നത് ഇഷ്ടപ്പെടണം. അതിന്റെ പ്രതാപവും ഉയർച്ചയും ആഗ്രഹിക്കണം.

ഇതിന് വിരുദ്ധമായി നിൽക്കുന്നവയോട് സ്നേഹമുണ്ടാകരുത്. മറിച്ച് ദേഷ്യവും അകൽച്ചയും വെറുപ്പുമാണുണ്ടാകേണ്ടത്. അല്ലാഹുവിന്റെ ഏകത്വത്തിന് കടകവിരുദ്ധമായ ആശയങ്ങളെയും അതിന്റെ പ്രചാരകരെയും പിൻഗാമികളെയും അതിനെ സ്നേഹിക്കുന്നവരെയും വെറുക്കണം.

عَنْ أَنَسِ بْنِ مَالِكٍ عَنِ النَّبِيِّ -ﷺ- قَالَ: «ثَلَاثٌ مَنْ كُنَّ فِيهِ وَجَدَ حَلَاوَةَ الإِيمَانِ: أَنْ يَكُونَ اللَّهُ وَرَسُولُهُ أَحَبَّ إِلَيْهِ مِمَّا سِوَاهُمَا، وَأَنْ يُحِبَّ المَرْءَ لاَ يُحِبُّهُ إِلَّا لِلَّهِ، وَأَنْ يَكْرَهَ أَنْ يَعُودَ فِي الكُفْرِ كَمَا يَكْرَهُ أَنْ يُقْذَفَ فِي النَّارِ»

നബി -ﷺ- പറഞ്ഞു: "മൂന്ന് കാര്യങ്ങൾ ഒരാളിലുണ്ടായാൽ അയാൾ ഈമാനിന്റെ മാധുര്യം ആസ്വദിച്ചിരിക്കുന്നു. അല്ലാഹുവും റസൂലും മറ്റെന്തിനെക്കാളും അവന് പ്രിയങ്കരമായി തീരുക. അല്ലാഹുവിന് വേണ്ടി മാത്രമായി അവൻ ഒരാളെ സ്നേഹിക്കുക. തീയിലേക്ക് വലിച്ചെറിയപ്പെടുന്നത് എപ്രകാരം

വെറുക്കുന്നോ; അതു പോലെ (ഇസ്ലാമിൽ നിന്ന്) നിഷേധത്തിലേക്ക് തിരിച്ചു പോകുന്നത് അവൻ വെറുക്കുക." (ബുഖാരി: 16, മുസ്ലിം: 43)

ഈ സ്നേഹവും വെറുപ്പുമെല്ലാമാണ് ഇഹലോകത്ത് ശഹാദത് കലിമയുടെ പ്രകടമായ അടയാളമായി നിലകൊള്ളുന്നത്. അതിലാണ് അല്ലാഹുവിന്റെ സൈന്യവും പിശാചിന്റെ സൈന്യവും വേർതിരിയുന്നത്. സത്യസന്ധതയുള്ളവർക്കും കപടവിശ്വാസികൾക്കും ഇടയിൽ മറയുണ്ടാകുന്നത്.

അല്ലാഹു പറഞ്ഞു:

وَمِنَ النَّاسِ مَن يَتَّخِذُ مِن دُونِ اللَّهِ أَندَادًا يُحِبُّونَهُمْ كَحُبِّ اللَّهِ

"അല്ലാഹുവിന് പുറമെയുള്ളവരെ അവന് സമൻമാരാക്കുന്ന ചില ആളുകളുണ്ട്. അല്ലാഹുവെ സ്നേഹിക്കുന്നത് പോലെ ഈ ആളുകൾ അവരെയും സ്നേഹിക്കുന്നു. എന്നാൽ (ഇസ്ലാമിൽ) വിശ്വസിച്ചവർ അല്ലാഹുവോട് അതിശക്തമായ സ്നേഹമുള്ളവരത്രെ." (ബഖറ: 165)

ദീനിന്റെ മഹത്തരമായ പദവിയാണ് അവസാനം പറഞ്ഞ ഈ നിബന്ധന. അതിനെ കുറിച്ച് വാക്കുകൾ കൊണ്ട് വർണ്ണിക്കുക എന്നത് അസാധ്യം തന്നെ. ഓരോ മുസ്ലിമും അവന്റെ ശഹാദതിലുള്ള ആഴവും പരപ്പുമനുസരിച്ച് അല്ലാഹുവിനോടും റസൂലിനോടുമുള്ള സ്നേഹത്തിന്റെ ഈ സമുദ്രത്തിൽ ഇറങ്ങിത്തിരിക്കുക മാത്രമേ അതറിയാൻ മാർഗമായുള്ളൂ.

അപ്പോൾ നീ ചിന്തിക്കുക! അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്യാൻ പറഞ്ഞാൽ ധൈര്യത്തോടെ കള്ളസത്യം ചെയ്യുക

യും, 'ഔലിയയുടെ' ജാറത്തിലെ കയറിന്മേൽ പിടിച്ച് സത്യം ചെയ്യാൻ പറഞ്ഞാൽ ഹൃദയം പേടികൊണ്ടു വിറക്കുകയും ചെയ്യുന്നവന്റെ സ്നേഹമെവിടെ?! നിസ്കാരത്തിൽ നിന്നാൽ നിരന്തരം കോട്ടുവായിട്ടും, മേലാസകലം ചൊറിഞ്ഞും അലസതയോടെ തീർക്കുന്നവൻ ജാറത്തിലെ വലിയ്യിന് മുൻപിൽ ഹൃദയം തുറന്നും കണ്ണുകൾ നിറഞ്ഞും വിനയത്തോടെ നിൽക്കുമ്പോൾ അവന്റെ ശഹാദതും അതിനോടുള്ള സ്നേഹവുമെവിടെ?!

എന്റെ പ്രിയ സഹോദരാ -അല്ലാഹു നിനക്ക് എല്ലാ നന്മകളും നൽകട്ടെ! നിന്റെ മേൽ നിന്ന് എല്ലാ തിന്മകളെയും അകറ്റട്ടെ-! മേൽ പറഞ്ഞ നിബന്ധനകൾ ഒരാവർത്തി കൂടി വായിക്കുക! എന്നിട്ട് സ്വന്തം ജീവിതത്തിലേക്ക് നഷ്ടപ്പെട്ട സൂചി തിരയുന്ന ശ്രദ്ധയോടെ തിരിഞ്ഞു നോക്കുക. വിടവുകൾ നികത്തുക. അധികപ്പറ്റുകൾ തുടച്ച് നീക്കുക. വളവുകൾ നേരെയാക്കുക. കൃത്യമാക്കുക.

മരണം നിനക്ക് തൊട്ടടുത്ത് തന്നെയുണ്ട്!

# ഉള്ളടക്കം

ശഹാദതിന്റെ ശ്രേഷ്ഠത ........................................ 2

പഠിക്കാം! നമ്മുടെ ശഹാദത്... ..............................7

എന്താണ് ശഹാദത്? ........................................ 13

ലാ ഇലാഹ ഇല്ലല്ലാഹ്; അർഥവും ആശയവും.....17

ലാ ഇലാഹ ഇല്ലല്ലാഹ്; അടിസ്ഥാന സ്തംഭങ്ങൾ 22

ശഹാദത്; നിഷേധിക്കുന്നതെന്തെല്ലാം? ........... 28

ശഹാദത്; സ്ഥിരീകരിക്കുന്നതെന്തെല്ലാം?......... 35

ലാ ഇലാഹ ഇല്ലല്ലാഹ്; നിബന്ധനകൾ............ 43